12.07.2021 Downloaded from www.Hsslive.in ®

# MALAPPURAM GEOGRAPHICAL SOCIETY
## 2020-21



## ഫോക്കസ് ഏരിയ -'21

# ഭൂമിശാസ്ത്രം
### ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ പഠനസഹായി

**(ഒന്നാം വർഷം) സെപ്റ്റംബർ 2021**

12.07.2021 Downloaded from www.Hsslive.in ®

# ഭൗതികഭൂമിശാസ്ത്രം : അടിസ്ഥാനഘടകങ്ങൾ

*Module Prepared by*

**ANUPAMA K JOSEPH**
**HSST (Jr)GEOGRAPHY**
**SVHSS PALEMAD**
**MALAPPURAM**

*Published by*

**MALAPPURAM GEOGRAPHICAL SOCIETY**

 Downloaded from www.Hsslive.in ®

## പാർട്ട് I ഭൗതികഭൂമിശാസ്ത്രം : അടിസ്ഥാനഘടകങ്ങൾ

| | |
|---|---|
| 1. ഭൂമിശാസ്ത്രം ,ഒരു പഠനവിഷയം<br>2. ഭൂമിയുടെ ഉള്ളറ<br>3. വൻകരകളുടെയും<br>4. സമുദ്രങ്ങളുടെയും വിതരണം<br>5. അന്തരീക്ഷം -ഉള്ളടക്കവും ഘടനയും<br>6. സമുദ്രജല ചലനങ്ങൾ | |

## പാർട്ട് II ഇന്ത്യ ഭൗതികപരിസ്ഥിതി

| | |
|---|---|
| 1. ഇന്ത്യ -സ്ഥാനം<br>2. ഘടനയും ഭൂപ്രകൃതിയും | |

MGS HSSLIVE.IN ®

 Downloaded from www.Hsslive.in ®

# പാർട്ട് I
# ഭൗതികഭൂമിശാസ്ത്രം : അടിസ്ഥാനഘടകങ്ങൾ

 Downloaded from www.Hsslive.in ®

# പാർട്ട് 1 – അധ്യായം 1
## ഭൂമിശാസ്ത്രം - ഒരു പഠനവിഷയം

- ➔ ഗ്രീക്ക് പണ്ഡിതനായ **ഇറാത്തോസ്തനീസ്** ആണ് ഭൂമിശാസ്ത്രം എന്ന പേര് ആദ്യമായി ഉപയോഗിച്ചത്
- ➔ ഗ്രീക്ക് പദങ്ങളായ **ജിയോ** (ഭൂമി) **ഗ്രാഫോസ്** (വിവരണം) എന്നിവയിൽ നിന്നാണ് ഭൂമിശാസ്ത്രം (ജോഗ്രഫി) എന്ന പദം രൂപപ്പെടുത്തിയത്
- ➔ ഏറ്റവും ലളിതമായി പറഞ്ഞാൽ **ഭൂമിയെക്കുറിച്ചുള്ള വിവരണമാണ് ഭൂമി ശാസ്ത്രം**

**നിർവചനങ്ങൾ**

**റിച്ചാർഡ് ഹാർട്ട്ഷോൺ** - "ഭൗമോപരിതലത്തിലെ പ്രാദേശിക വൈവിധ്യങ്ങളെക്ക റിച്ചുള്ള വിവരണവും വിശദീകരണവും ആണ് ഭൂമിശാസ്ത്രം"

**ഹെറ്റ്നർ** - "ഭൗമോപരിതലത്തിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന പ്രതിഭാസങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചുള്ള പഠനമാണ് ഭൂമിശാസ്ത്രം"

**ഭൂമിശാസ്ത്ര പഠനം പ്രധാനമായും മൂന്ന് ചോദ്യങ്ങളിൽ അധിഷ്ഠിതമാണ് - എന്ത്, എവിടെ, എന്തുകൊണ്ട്**

**എന്ത്** - ഭൗമോപരിതലത്തിലെ പ്രകൃതിദത്തവും സാംസ്കാരികവുമായ സവിശേഷതകളുടെ ക്രമങ്ങളെ **തിരിച്ചറിയുന്നതുമായി** ബന്ധപ്പെട്ട ചോദ്യമാണിത്

**എവിടെ** - പ്രകൃതിദത്തവും സാംസ്കാരികവുമായ സവിശേഷതകളുടെ ഭൗമോപരിതല **വിതരണവുമായി** ബന്ധപ്പെട്ട ചോദ്യമാണിത്

**എന്തുകൊണ്ട്** - പ്രക്രിയകളുടെയും സവിശേഷതകളുടെയും പ്രതിഭാസങ്ങളുടെയും **വിശദീകരണമോ;** അവ തമ്മിലുള്ള **കാര്യകാരണ ബന്ധങ്ങളോ** സംബന്ധിച്ചതാണ് എന്തുകൊണ്ട് എന്ന ചോദ്യം

**ഭൂമിശാസ്ത്രം ഒരു ഉദ്ഗ്രഥിത വിഷയമെന്ന നിലയിൽ**

- ➢ സമഗ്രമായ സമീപനമാണ് ഭൂമിശാസ്ത്രത്തിനുള്ളത്
- ➢ വിശകലനങ്ങളിലൂടെ നിഗമനങ്ങൾ രൂപപ്പെടുത്തുന്ന വിഷയമാണ് ഭൂമിശാസ്ത്രം
- ➢ ചരിത്രം എന്നത് കാലികമായ വിശകലനം ആണെങ്കിൽ ഭൂമിശാസ്ത്രം സ്ഥാനീയ വിശകലനമാണ്

## ഭൂമിശാസ്ത്രത്തിന്റെ ശാഖകൾ

- ഭൂമിശാസ്ത്രത്തിലെ വിവിധ **ശാഖകൾ രണ്ട് പഠന സമീപനങ്ങളെ** അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്

**വ്യവസ്ഥാപിത സമീപനം**

- ജർമൻ ഭൂമിശാസ്ത്രജ്ഞനായ **അലക്സാണ്ടർ വോൺ ഹംബോൾട്ട്** ആണ് വ്യവസ്ഥാപിത സമീപനം ആവിഷ്കരിച്ചത്
- പൊതു ഭൂമിശാസ്ത്രപഠനത്തിന്റെ രീതി തന്നെയാണിത്.
- ഇതിൽ **ഏതൊരു പ്രതിഭാസത്തെയും ആഗോളതലത്തിൽ പഠിക്കുകയും തുടർന്ന് അതിൻറെ വ്യത്യസ്ത തരങ്ങളെ കുറിച്ചും, ക്രമങ്ങളെ കുറിച്ചും മനസ്സിലാക്കുകയും** ചെയ്യുന്ന
- ഉദാ:- മധ്യരേഖ മഴക്കാടുകൾ

**I - വ്യവസ്ഥാപിത സമീപനപ്രകാരം ഭൂമി ശാസ്ത്രത്തിന്റെ ശാഖകൾ**

1. ഭൗതിക ഭൂമിശാസ്ത്രം
2. മാനവിക ഭൂമിശാസ്ത്രം
3. ജൈവ ഭൂമിശാസ്ത്രം

 Downloaded from www.Hsslive.in ®

**1. ഭൗതിക ഭൂമിശാസ്ത്രം**

ഭൗതിക ഭൂമിശാസ്ത്രത്തിലെ ഉപവിഭാഗങ്ങൾ താഴെ കൊടുക്കുന്നു

**a) ഭൂരൂപരൂപീകരണ ശാസ്ത്രം** - ഭൂരൂപങ്ങൾ, അവയുടെ പരിണാമം, അതിനോടനുബന്ധിച്ചുള്ള പ്രക്രിയകൾ എന്നിവയെക്കുറിച്ചുള്ള പഠനം

**b) കാലാവസ്ഥശാസ്ത്രം** - അന്തരീക്ഷഘടന,വിവിധ കാലാവസ്ഥാ- ദിനാന്തരീക്ഷ ഘടകങ്ങൾ, വിവിധതരം കാലാവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള പഠനം

**c) ജലശാസ്ത്രം** - ഭൗമോപരിതലത്തിലെ ജല മണ്ഡലത്തെക്കുറിച്ചും അവ മനുഷ്യ ജീവിതത്തിലും മനുഷ്യ പ്രവർത്തനങ്ങളിലും ചെലുത്തുന്ന സ്വാധീനത്തെ കുറിച്ചുമുള്ള പഠനം

**d) മണ്ണ് ഭൂമിശാസ്ത്രം** - മണ്ണ് രൂപീകരണം, മണ്ണിനങ്ങൾ, മണ്ണിന്റെ വളക്കൂറ്, വിതരണം, ഉപയോഗം എന്നിവയെക്കുറിച്ചുള്ള പഠനം

**2. മാനവിക ഭൂമിശാസ്ത്രം**

മാനവിക ഭൂമിശാസ്ത്രത്തിലെ ഉപവിഭാഗങ്ങൾ താഴെ കൊടുക്കുന്നു

**a) സാമൂഹ്യ/ സാംസ്കാരിക ഭൂമിശാസ്ത്രം** - സമൂഹം, സമൂഹത്തിൻറെ ചലനാത്മകത, സമൂഹത്തിൻറെ സാംസ്കാരിക ഘടകങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനം

**b) ജനസംഖ്യ ഭൂമിശാസ്ത്രവും വാസസ്ഥല ഭൂമിശാസ്ത്രവും** - ജനസംഖ്യ വളർച്ച, വിതരണം, സാന്ദ്രത, സ്ത്രീപുരുഷാനുപാതം, കുടിയേറ്റം, തൊഴിൽ ഘടന എന്നിവയെക്കുറിച്ചാണ് **ജനസംഖ്യ ഭൂമിശാസ്ത്രം** പഠിക്കുന്നത് നാഗരിക ഗ്രാമീണ വാസ സ്ഥലങ്ങളുടെ സവിശേഷതകളെക്കുറിച്ചാണ് **വാസസ്ഥല ഭൂമിശാസ്ത്രം** പഠിക്കുന്നത്

**c) സാമ്പത്തിക ഭൂമിശാസ്ത്രം** - കൃഷി, വ്യവസായം, വാണിജ്യം, ഗതാഗതം എന്നിങ്ങനെ ജനങ്ങളുടെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനം

**d) ചരിത്ര ഭൂമിശാസ്ത്രം** - വിവിധ പ്രദേശങ്ങൾ ഇന്ന് കാണുന്ന വിധത്തിൽ ആയി മാറിയതിന് പിന്നിലെ ചരിത്രപരമായ കാരണങ്ങളും കാലികമായ മാറ്റങ്ങളും ചരിത്ര ഭൂമിശാസ്ത്രത്തിൽ പഠിക്കുന്നു

**e) രാഷ്ട്രീയ ഭൂമിശാസ്ത്രം** - രാജ്യാതിർത്തികൾ, നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിശ്ചയിക്കൽ, തെരഞ്ഞെടുപ്പ് പശ്ചാത്തലം തുടങ്ങിയവ സ്ഥാനീയ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ നോക്കിക്കാണുന്നു

**3. ജൈവ ഭൂമിശാസ്ത്രം**

- ➔ ഭൗതിക ഭൂമിശാസ്ത്രവും മാനവിക ഭൂമിശാസ്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി വികാസം പ്രാപിച്ചതാണ് ജൈവ ഭൂമിശാസ്ത്രം
- ➔ ഇതിന്റെ ഉപശാഖകൾ ചുവടെ ചേർക്കുന്നു

**a) സസ്യ ഭൂമിശാസ്ത്രം** - നൈസർഗിക സസ്യജാലങ്ങളുടെ ആവാസവ്യവസ്ഥയെയും അവയുടെ സ്ഥാനീയ വിതരണത്തെയും കുറിച്ചുള്ള പഠനം

**b) ജന്തു ഭൂമിശാസ്ത്രം** - ജന്തുക്കളുടേയും അവയുടെ വാസസ്ഥലങ്ങളുടെയും സ്ഥാനീയ വിതരണരീതികളും അവിടുത്തെ ഭൂമിശാസ്ത്ര സവിശേഷതകളെയും കുറിച്ചുള്ള പഠനം

**c) ആവാസശാസ്ത്രം / ആവാസവ്യവസ്ഥ** - സസ്യ, ജന്തു വർഗ്ഗങ്ങളുടെ തനതായ ആവാസവ്യവസ്ഥകളെ കുറിച്ചുള്ള ശാസ്ത്രീയ പഠനം

**d) പരിസ്ഥിതി ഭൂമിശാസ്ത്രം** - ഭൂഅപചയം, മലിനീകരണം തുടങ്ങിയ ആഗോള പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചും പരിസ്ഥിതി സംരക്ഷണത്തെകുറിച്ചുമുള്ള ഉത്കണ്ഠയിൽ നിന്നും പിറവികൊണ്ട ഭൂമിശാസ്ത്രശാഖ

**മേഖലാ സമീപനം**

- **കാൾ റിട്ടർ** ആണ് മേഖലാ സമീപനത്തിന്റെ ഉപജ്ഞാതാവ്
- ഈ സമീപനത്തിൽ **ലോകത്തെ പല മേഖലകളായി തരം തിരിച്ച് അതിലോരോ മേഖലയിലുമുള്ള എല്ലാ ഭൗമപ്രതിഭാസങ്ങളെയും** കുറിച്ച് പഠിക്കുന്നു.
- ഉദാ :- നൈസർഗികമോ രാഷ്ട്രീയമോ അയി വേർതിരിക്കപ്പെട്ട മേഖലകൾ

 Downloaded from www.Hsslive.in ®

## II- മേഖലാസമീപന പ്രകാരം ഭൂമിശാസ്ത്രത്തിൻറെ ശാഖകൾ

**1. മേഖലാ പഠനം / പ്രാദേശിക പഠനം** - വിസ്തൃതം, സാമാന്യ വിസ്തൃതം, സൂക്ഷ്മം എന്നിങ്ങനെ മൂന്ന തലങ്ങളിൽ മേഖലകളെക്കുറിച്ചുള്ള പഠനമാണ് നടക്കുന്നത്

**2. മേഖലാ ആസൂത്രണം** - നഗര - ഗ്രാമാസൂത്രണങ്ങൾ ഇതിൽ ഉൾപ്പെടുന്ന

**3.മേഖലാ വികസനം**

**4. മേഖലാ വിശകലനം**

➔ **ഭൂമിശാസ്ത്രത്തിലെ വിവിധ ശാഖകൾ രണ്ട് രീതിയിൽ വിശകലനം ചെയ്യാം**

**(i) തത്വശാസ്ത്രം**

a) ഭൂമി ശാസ്ത്രചിന്തകൾ

b) മനുഷ്യനും ഭൂമിയും തമ്മിലുള്ള പരസ്പര ബന്ധം / മനുഷ്യ ആവാസശാസ്ത്രം

**(ii)പഠനരീതികളും സങ്കേതങ്ങളും**

a) കമ്പ്യൂട്ടർ കാർട്ടോഗ്രാഫി

b) പരിമാണ - സ്ഥിതിവിവര സങ്കേതങ്ങൾ

c) ഫീൽഡ് സർവേകൾ

d) ജിപിഎസ്, ജിഎസ്എം, വിദൂരസംവേദനം എന്നിവ ഉൾപ്പെടുന്ന ജിയോ ഇൻഫർമാറ്റിക്സ്

## ഭൗതിക ഭൂമിശാസ്ത്രവും അതിൻറെ പ്രാധാന്യവും

- ഭൗതിക ഭൂമിശാസ്ത്രത്തിൽ ശിലാമണ്ഡലം, അന്തരീക്ഷം, ജലമണ്ഡലം, ജൈവമണ്ഡലം എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുന്ന

**a)ശിലാമണ്ഡലം** - ഭൂരൂപങ്ങൾ, നീരൊഴുക്ക്, ഭൂപ്രകൃതി

**b) അന്തരീക്ഷം** - സംരചന, ഘടന, കാലാവസ്ഥയുടെയും അന്തരീക്ഷസ്ഥിതിയുടെയും ഘടകങ്ങളും നിയന്ത്രണങ്ങളും, താപനില, മർദ്ദം, കാറ്റ്, വർഷണം, കാലാവസ്ഥ ഇനങ്ങൾ തുടങ്ങിയവ

**c) ജല മണ്ഡലം** - സമുദ്രങ്ങൾ, കടലുകൾ, തടാകങ്ങൾ അവയോട് അനുബന്ധിച്ചുള്ള മറ്റ് ജല മേഖലകൾ

**d) ജൈവമണ്ഡലം** - മനുഷ്യനൾപ്പെടെയുള്ള ജീവരൂപങ്ങളും അവയുടെ നിലനിൽപ്പിനായുള്ള സംവിധാനങ്ങളും, ആഹാരശൃംഖല, ആവാസ സന്തുലനം തുടങ്ങിയവ

X ------------------------------------------------------------------------------------------ X

 Downloaded from www.Hsslive.in ®

# പാർട്ട് 1 - ചാപ്റ്റർ 3
# ഭൂമിയുടെ ഉള്ളറ

- **ഭൂമിയുടെ ആരം - 6370 km**

## ഭൂമിയുടെ ഉള്ളറയെ സംബന്ധിച്ച വിവര സ്രോതസ്സുകൾ

➔ ഭൗമാന്തർഭാഗത്തെ ഭാഗത്തെ സംബന്ധിച്ച നമ്മുടെ അറിവുകളിൽ ഏറെയും പരോക്ഷമായ തെളിവുകളുടെയും നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ഉള്ളവയാണ്

### a) പ്രത്യക്ഷ വിവര സ്രോതസ്സുകൾ

**i. ഖനനം (mining)**

- ഭൂമിയിലെ ആഴമേറിയ ഖനിയുടെ ആഴം -3- 4 km (സൗത്ത് ആഫ്രിക്ക)

**ii. സമുദ്ര പര്യവേഷണ പ്രൊജെക്ടുകൾ (deep ocean drilling projects)**

- രണ്ട് പ്രധാന ഡ്രില്ലിംഗ് പ്രോജക്ടുകളാണ് :- ഡീപ് ഓഷ്യൻ ഡ്രില്ലിംഗ് പ്രോജക്ട്
  ഇൻറഗ്രേറ്റഡ് ഓഷ്യൻ ഡ്രില്ലിംഗ് പ്രൊജക്റ്റ്
- ഭൂമിയിലെ ഏറ്റവും ആഴത്തിൽ നിർമിച്ചിട്ടുള്ള ഡ്രിൽ (ഗർത്തം) - ആർട്ടിക് സമുദ്രത്തിലെ "**കോലാ**" (12 കി.മീ.)

**iii. അഗ്നിപർവ്വത സ്ഫോടനങ്ങൾ ( volcanic eruption)**

- അഗ്നിപർവതങ്ങളിലൂടെ പുറത്തേക്ക് വമിക്കുന്ന ശിലാദ്രവ്യം (magma) ശാസ്ത്രജ്ഞർക്ക് പരിശോധന ശാലകളിൽ വിശകലന വിധേയമാക്കാം.

### b) പരോക്ഷ വിവര സ്രോതസ്സുകൾ

**i. ഊഷ്മാവ്**

**ii. മർദ്ദം**

- ഭൗമോപരിതലത്തിൽ നിന്നും ആഴം കൂടുന്നതിനനുസരിച്ച് താപനിലയും മർദ്ദവും വർധിച്ച് വരുന്നു

**iii. സാന്ദ്രത**

- ആഴം കൂടുന്നതിനനുസരിച്ച് ശിലാവസ്തുക്കളുടെ സാന്ദ്രത വർധിച്ച് വരുന്നു

**iv. ഉൽക്കകൾ**

- ഭൗമ പദാർത്ഥങ്ങൾക്ക് സമാനമായ വസ്തുക്കൾ തണുത്തുറഞ്ഞാണ് ഉൽക്കകൾ രൂപപ്പെട്ടിരിക്കുന്നത്. അതിനാൽ ഭൂമിക്കും സമാനഘടനയാനുള്ളത് എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു

**v. ഭൂഗുരുത്വാകർഷണം**

- ഭൂമിയുടെ വിവിധ അക്ഷാംശ പ്രദേശങ്ങളിൽ ഭൂഗുരുത്വം അനുഭവപ്പെടുന്നത് ഒരേപോലെയല്ല
- **ധ്രുവപ്രദേശങ്ങൾ** ഭൗമ കേന്ദ്രത്തോട് കൂടുതൽ അടുത്തായതിനാൽ അവിടെ **ഭൂഗുരുത്വം കൂടുതലും** **ഭൂമധ്യരേഖ പ്രദേശങ്ങൾ** ഭൗമ കേന്ദ്രത്തിൽ നിന്നും അകന്നു നിൽക്കുന്നതിനാൽ അവിടെ **ഭൂഗുരുത്വം കുറവുമാണ്**
- ഒരു പ്രദേശത്തുള്ള പ്രതീക്ഷിത ഗുരുത്വാകർഷണ ബലവും അവിടുത്തെ യഥാർത്ഥ ഗുരുത്വാകർഷണ ബലവും തമ്മിലുള്ള വ്യത്യാസം ആണ് **ഗ്രാവിറ്റി അനോമലി**

**vi. ഭൗമകാന്തിക മണ്ഡലം**

- ഭൂവൽക്കത്തിലെ കാന്തിക വസ്തുക്കളെ വിശകലനം ചെയ്യുന്നു

**vii. ഭൂകമ്പപ്രവർത്തനങ്ങൾ**

- ഭൂമിയുടെ ഉള്ളറയെ സംബന്ധിക്കുന്ന വിവര സ്രോതസ്സുകളിൽ ഏറ്റവും പ്രധാനം
- ഭൂകമ്പ തരംഗങ്ങളെക്കുറിച്ചുള്ള പഠനം ഭൂമിയുടെ പാളികളായുള്ള ഘടനയെ വെളിവാക്കുന്നു

 Downloaded from www.Hsslive.in ®

## ഭൂകമ്പങ്ങൾ

- ഭൂമിക്കുണ്ടാകുന്ന കമ്പനമാണ് ഭൂകമ്പം
- ഭൂവൽക്ക ശിലാപാളികളിലെ വിടവുകളായ ഭ്രംശതലങ്ങളിലാണ് ഭൂകമ്പം ഉടലെടുക്കുന്നത് ; അതായത് എല്ലാ സ്വാഭാവിക ഭൂകമ്പങ്ങളും ശിലാമണ്ഡലത്തിലാണ് ഉണ്ടാകുന്നത്
- വിവിധ ദിശകളിലേക്ക് തരംഗ രൂപത്തിൽ ഭൂവൽക്കത്തിനുള്ളിൽ നിന്നും ഊർജ്ജം മോചിപ്പിക്കപ്പെടുമ്പോളാണ് ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്
- ഭൂവൽക്കത്തിനുള്ളിൽ ഊർജം മോചിപ്പിക്കപ്പെടുന്ന കേന്ദ്രം - **പ്രഭവ കേന്ദ്രം(focus) / ഹൈപോസെന്റർ**
- ഫോക്കസിന് ലംബമായി ഏറ്റവും അടുത്തുള്ള ഭൗമോപരിതല കേന്ദ്രം - **അധികേന്ദ്രം( epicentre)**
- അധികേന്ദ്രത്തിലാണ് ഭൂകമ്പ തരംഗങ്ങൾ ആദ്യം എത്തിച്ചേരുന്നത്




**AKJ HSST Jr GEOGRAPHY SVHSS PALEMAD**

- ഭൂകമ്പം അളക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഉപകരണം - **സീസ്മോഗ്രാഫ്**
- ഭൂകമ്പത്തെക്കുറിച്ചുള്ള പഠനം - **സീസ്മോളജി**

## ഭൂകമ്പ തരംഗങ്ങൾ

**ഭൂകമ്പ തരംഗങ്ങൾ രണ്ട്** തരത്തിലാണുള്ളത്

**i. ബോഡി തരംഗങ്ങൾ**

**ii. പ്രതല തരംഗങ്ങൾ**

### i. ബോഡി തരംഗങ്ങൾ

- ✔ പ്രഭവ കേന്ദ്രത്തിൽ രൂപപ്പെടുന്ന ബോഡി തരംഗങ്ങൾ ഭൗമാന്തർ ഭാഗത്തുകൂടി എല്ലാ ദിശകളിലേക്കും സഞ്ചരിക്കുന്നു.
- ✔ ബോഡി തരംഗങ്ങൾ രണ്ട് തരത്തിലാണുള്ളത്.

**1. P തരംഗങ്ങൾ / പ്രാഥമിക തരംഗങ്ങൾ**

**2. S തരംഗങ്ങൾ / ദ്വിതീയ തരംഗങ്ങൾ**

| **P തരംഗങ്ങൾ / പ്രാഥമിക തരംഗങ്ങൾ** | **S തരംഗങ്ങൾ / ദ്വിതീയ തരംഗങ്ങൾ** |
|---|---|
| • ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്നു<br>• ഭൗമോപരിതലത്തിൽ ആദ്യം എത്തിച്ചേരുന്നു<br>• ശബ്ദ തരംഗങ്ങളോട് സാദൃശ്യം<br>• ഖര - ദ്രാവക - വാതക പദാർത്ഥങ്ങളിലൂടെ സഞ്ചരിക്കുവാൻ കഴിയുന്നു<br>• തരംഗങ്ങളുടെ സഞ്ചാരദിശക്ക് സമാന്തരമായാണ് ഇവ കമ്പനം ചെയ്യുന്നത് | • ഇവ ഭൂമിയുടെ ഉപരിതലത്തിലെത്താൻ കൂടുതൽ സമയമെടുക്കുന്നു<br>• ഖര മാധ്യമത്തിൽ കൂടി മാത്രമേ സഞ്ചരിക്കുവാൻ കഴിയൂ<br>• ഭൂമിയുടെ ഉള്ളറയെകുറിച്ച് അറിയാൻ സഹായകരം<br>• തരംഗങ്ങളുടെ സഞ്ചാരദിശക്ക് ലംബമായാണ് കമ്പനം നടക്കുന്നത് |

 Downloaded from www.Hsslive.in ®

**ii.** **പ്രതല തരംഗങ്ങൾ**

- ✔ ബോഡി തരംഗങ്ങൾ ഉപരിതല ശിലകളുമായി പ്രതിപ്രവർത്തിക്കുമ്പോളാണ് പ്രതല തരംഗങ്ങൾ ഉണ്ടാകുന്നത്
- ✔ ഏറ്റവും വിനാശകാരികളായ ഭൂകമ്പ തരംഗങ്ങൾ
- ✔ സീസ്മോഗ്രാഫിൽ ഏറ്റവും ഒടുവിലായി വന്നെത്തുന്നു
- ✔ സഞ്ചാര ദിശക്ക് ലംബമായി ഇവ കമ്പനം ചെയ്യുന്നു

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

## ഭൂകമ്പ തരംഗങ്ങളുടെ നിഴൽമേഖലകൾ

- ✗ സീസ്മോഗ്രാഫിൽ ഭൂകമ്പ തരംഗങ്ങൾ രേഖപ്പെടുത്താത്ത മേഖലകളാണ് നിഴൽമേഖലകൾ
- ✗ ഓരോ അധികേന്ദ്രത്തിന്റെയും നിഴൽമേഖലകൾ വ്യത്യസ്തമായിരിക്കും
- ✗ **P തരംഗത്തിന്റെ നിഴൽമേഖല** - അധികേന്ദ്രത്തിൽ നിന്നും **105°** ക്കും **145°** ക്കും ഇടയിൽ
- ✗ **S തരംഗത്തിന്റെ നിഴൽമേഖല** - അധികേന്ദ്രത്തിൽ നിന്നും **105°ക്ക് മുകളിൽ**







## വിവിധ തരം ഭൂകമ്പങ്ങൾ

**a) ടെക്ടോണിക് ഭൂകമ്പങ്ങൾ** - ഏറ്റവും കൂടുതലായി ഉണ്ടാകുന്നവ

ഭ്രംശ തലത്തിലൂടെ ശിലകൾ തെന്നി മാറുമ്പോളാണ് ഉണ്ടാകുന്നത്

**b) അഗ്നിപർവത ജന്യ ഭൂകമ്പങ്ങൾ** - അഗ്നിപർവ്വതങ്ങൾ സജീവമായ മേഖലകളിൽ ഉണ്ടാകുന്നു

**c) കോളാപ്സ് ഭൂകമ്പങ്ങൾ** - ഖനികളുടെ മേൽത്തട്ട് തകർന്നുവീഴുമ്പോൾ ഉണ്ടാകുന്ന ഭൂചലനങ്ങൾ

**d) വിസ്ഫോടക ഭൂകമ്പങ്ങൾ** - ആണവ - രാസ സ്ഫോടനങ്ങൾ മൂലം ഉണ്ടാകുന്ന ഭൂകമ്പങ്ങൾ

**e) ജലസംഭരണിപ്രേരിത ഭൂകമ്പങ്ങൾ** - കൂറ്റൻ ജലസംഭരണികൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങൾ

## ഭൂകമ്പങ്ങൾ അളക്കൽ

- വ്യാപ്തി , തീവ്രത എന്നിവയുടെ അടിസ്ഥാനത്തിലാണ് ഭൂകമ്പങ്ങളെ അളക്കുന്നത്

### വ്യാപ്തി

- ➢ ഭൂകമ്പത്തിന്റെ വ്യാപ്തി അളക്കാൻ **റിക്ടർ സ്കെയിൽ** ഉപയോഗിക്കുന്നു
- ➢ വ്യാപ്തി അളക്കുന്നത് മോചിപ്പിക്കപ്പെടുന്ന ഊർജത്തിന്റെ തോതനുസരിച്ചാണ്
- ➢ **0 മുതൽ 10** വരെയുള്ള സംഖ്യകളിൽ ഭൂകമ്പ വ്യാപ്തി അളക്കാം

### തീവ്രത

- ➢ ഭൂകമ്പത്തിന്റെ തീവ്രത അളക്കാൻ **മെർക്കലി സ്കെയിൽ** ഉപയോഗിക്കുന്നു
- ➢ ഭൂകമ്പം സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിലാണ് തീവ്രത അളക്കുന്നത്
- ➢ **1 മുതൽ 12** വരെയുള്ള ഏകകത്തിലാണ് തീവ്രത തോത് അളക്കുന്നത്

Downloaded from www.Hsslive.in ®

## ഭൂകമ്പ ഫലങ്ങൾ

- ഭൂകമ്പനം
- ഭൗമോപരിതല രൂപമാറ്റം
- ഉരുൾപൊട്ടലുകൾ
- മണ്ണ് ഒലിച്ചുപോകൽ
- ഭൂമി പിളരൽ
- മണ്ണിടിച്ചിൽ
- ഭൂസ്ഥാന ഭ്രംശം
- ജലസംഭരണികളുടെ കരകവിയൽ
- തീ
- നിർമിതിയുടെ തകർച്ച
- വസ്തുക്കളുടെ പതനം
- സുനാമികൾ

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

## ഭൂമിയുടെ ഘടന




## ഭൂവൽക്കം

- ➔ ഭൂമിയുടെ ഏറ്റവും പുറമെയുള്ള ഖരഭാഗമാണ് ഭൂവൽക്കം
- ➔ ശിലാനിർമിതമായ കട്ടിയുള്ള ഭാഗമാണിത്
- ➔ സമുദ്രതട ഭൂവൽക്കത്തിന് വൻകരഭൂവൽക്കത്തെ അപേക്ഷിച്ച് കനം കുറവാണ്
- ➔ വൻകര ഭൂവൽക്കത്തിന്റെ ശരാശരി സാന്ദ്രത – 2.7 ഗ്രാം / ഘന.സെ.മി.
- ➔ സമുദ്ര ഭൂവൽക്കത്തിന്റെ ശരാശരി സാന്ദ്രത – 3 ഗ്രാം / ഘന.സെ.മി.
- ➔ സമുദ്രതട ഭൂവൽക്ക ഭാഗത്ത് കാണപ്പെടുന്ന ശിലാ പ്രധാനമായും **ബസാൾട്ട്** ആണ്

## മാന്റിൽ

- ➔ ഭൂമിയുടെ ഉള്ളറയിൽ ഭൂവൽക്കത്തിനു തൊട്ടുതാഴെയുള്ള പാളിയാണ് മാന്റിൽ
- ➔ ഭൂവൽക്കത്തെ മാന്റിലിൽ നിന്നും വേർതിരിക്കുന്ന ഭാഗമാണ് - **"മോഹോ" വിച്ഛിന്നത**
- ➔ മോഹോ വിച്ഛിന്നതയിൽ തുടങ്ങി 2900 കി. മി. വരെ മാന്റിൽ വ്യാപിച്ചിരിക്കുന്നു
- ➔ ഭൂവൽക്കവും മാന്റിലിന്റെ ഉപരിഭാഗവും ചേർന്നുള്ള ഭാഗത്തെ ശിലാമണ്ഡലം എന്ന് വിളിക്കുന്നു

 Downloaded from www.Hsslive.in ®

- ശിലാമണ്ഡലത്തിന് തൊട്ട് താഴെയായി അർദ്ധ ദ്രവകാവസ്ഥയിൽ കാണപ്പെടുന്ന മാന്റിലിന്റെ ഭാഗമാണ് **ആസ്ഥനോസ്ഫിയർ** (മാഗ്മയുടെ പ്രഭാവ കേന്ദ്രം)
- സാന്ദ്രത – 3.4 ഗ്രാം / ഘന.സെ.മി.

**കാമ്പ്**

- ഭൂമിയുടെ ഏറ്റവും ഉള്ളിലുള്ള പാളി
- പ്രധാനമായും നിക്കൽ, ഇരുമ്പ് എന്നീ ഘനലോഹങ്ങളാലാണ് കാമ്പ് നിലകൊള്ളുന്നത്. അതിനാൽ കാമ്പിനു **NIFE** എന്നും പേരുണ്ട്.
- സാന്ദ്രത – 5 to 13 ഗ്രാം / ഘന.സെ.മി

**അഗ്നിപർവ്വതങ്ങൾ**

- ഭൂമിയുടെ ഉൾഭാഗത്തുനിന്നും വാതകങ്ങൾ, ചാരം,ദ്രവാവസ്ഥയിലുള്ള ശിലപദാർത്ഥങ്ങൾ തുടങ്ങിയവ പുറത്തേക്ക് വമിക്കുന്ന ഇടങ്ങളാണ് **അഗ്നിപർവ്വതങ്ങൾ.**
- സമീപകാലത്ത് ഭൂമിയുടെ ഉൾഭാഗത്ത് നിന്നും മാഗ്മയും മറ്റ് വസ്തുക്കളും ഉപരിതലത്തിലേക്ക് പുറന്തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം അഗ്നിപർവ്വതങ്ങളെ **സജീവ അഗ്നിപർവ്വതങ്ങൾ** എന്ന് വിളിക്കുന്നു
- ഉപരിമാന്റിലിൽ സ്ഥിതി ചെയ്യുന്ന ശിലാദ്രവത്തെ **മാഗ്മ** എന്ന് വിളിക്കുന്നു
- മാഗ്മ ഭൗമോപരിതലത്തിൽ വന്നെത്തുമ്പോൾ അതിനെ **ലാവ** എന്ന് വിളിക്കുന്നു

**വിവിധ തരം അഗ്നിപർവ്വതങ്ങൾ**

**1 .ഷീൽഡ് അഗ്നിപർവ്വതങ്ങൾ**

- ✗ ഏറ്റവും വിസ്തൃതമായ അഗ്നിപർവ്വതങ്ങൾ
- ✗ ബസാൾട്ട് ലാവ കൊണ്ടാണ് ഇവ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്
- ✗ അഗ്നിപർവ്വത നാളിയിലേക്ക് ജലം വന്നെത്തുമ്പോൾ ഇവ സ്ഫോടനാത്മകമാവും
- ✗ ലാവയിൽ നിന്നുള്ള ഖരവസ്തുക്കൾ നിക്ഷേപിക്കപ്പെട്ട് അഗ്നിപർവതങ്ങളുടെ മധ്യഭാഗത്തായി കുനകൾ രൂപപ്പെടുന്നു
- ✗ ഉദാ:- ഹവായ് ദ്വീപിലെ അഗ്നിപർവ്വതങ്ങൾ

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

**2. കോമ്പോസിറ്റ് അഗ്നിപർവ്വതങ്ങൾ**

- ✔ ബസാൾട്ടിനെക്കാൾ ചൂട് കുറഞ്ഞതും കട്ടിയുള്ളതുമായ ലാവയാണ് കോമ്പോസിറ്റ് അഗ്നിപർവതങ്ങൾ ഉണ്ടാക്കുന്നത്
- ✔ സ്ഫോടനാത്മകത കൂടുതൽ
- ✔ ലാവക്കൊപ്പം ഉരുകാത്ത ശിലാഖണ്ഡങ്ങളും ചാരവും വൻതോതിൽ വന്നുചേർന്ന് അഗ്നിപർവത നാളിക്ക് ചുറ്റും അടിഞ്ഞുകൂടുന്നു.ഇത് പാളികളായിട്ടുള്ള അഗ്നിപർവ്വതമുഖം ഉണ്ടാക്കുന്നു

**3. കാൽഡറ**

- ഏറ്റവും വിസ്ഫോടകമായ അഗ്നിപർവ്വതങ്ങൾ
- സ്ഫോടനത്തിലൂടെ വലിയ ഗർത്തങ്ങൾ ഉണ്ടാകുന്നു
- അഗ്നിപർവതമുഖം തകർന്നടിഞ്ഞ് രൂപപ്പെടുന്ന വിശാല ഗർത്തങ്ങളെ **കാൽഡറ** എന്ന് വിളിക്കുന്നു

**4. ഫ്ളഡ് ബസാൾട്ട് പ്രൊവിൻസെസ്**

- ഇവിടെ കൂടുതൽ ദ്രവസ്വഭാവമുള്ള ലാവ കൂടുതൽ ദൂരങ്ങളിലേക്ക് പരക്കുന്നു
- ആയിരക്കണക്കിന് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്നു
- ഇവക്ക് 50 മീറ്ററിൽ അധികം കനമുണ്ട്

 Downloaded from www.Hsslive.in ®

- ഉദാ :- ഡെക്കാൻ ട്രാപ്പ്

**5. സമുദ്രാന്തർ പർവതനിര അഗ്നിപർവ്വതങ്ങൾ**

- ✗ ലോക സമുദ്രങ്ങളുടെ മധ്യഭാഗത്തായി രൂപപ്പെട്ടിട്ടുള്ള പർവ്വതനിരകളാണിവ
- ✗ കുന്നുകളുടെ മധ്യഭാഗം നിരന്തരമായി അഗ്നിപർവതസ്ഫോടനങ്ങൾക്ക് വിധേയമാകുന്നു

**അഗ്നിപർവത ഭൂരൂപങ്ങൾ**

- ➔ ലാവ തണുത്തുറയുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ അഗ്നിപർവ്വതശിലകളെ രണ്ടായി തരം തിരിക്കാം

1. **അഗ്നിപർവ്വതജന്യ ശിലകൾ** - ഉപരിതലത്തിൽ ശിലാരൂപീകരണം നടക്കുന്നു
2. **പാതാളശിലകൾ** - ഭൂവൽക്കത്തിനുള്ളിൽ ശിലാരൂപീകരണം നടക്കുന്നു

- ➔ ഭൂവൽക്കത്തിനുള്ളിൽ തണുത്തുറയുന്ന ലാവ ഉണ്ടാക്കുന്ന ശിലാരൂപങ്ങളെ **അന്തരാഗ്നേയ ശിലാരൂപങ്ങൾ** എന്ന് പറയുന്നു

**പ്രധാന അന്തരാഗ്നേയ ശിലാരൂപങ്ങൾ**

- ➢ ബാത്തോലിത്ത്
- ➢ ലാക്കോലിത്ത്
- ➢ ലാപ്പോലിത്ത്
- ➢ ഫാക്കോലിത്ത്
- ➢ സില്ലുകൾ, ഷീറ്റുകൾ
- ➢ ഡൈക്ക്

**ബാത്തോലിത്ത്**

- ഭൂവൽക്കത്തിന്റെ അഗാധതയിൽ ശിലാദ്രവം തണുത്തുറഞ്ഞ് രൂപപ്പെടുന്ന വലിയ അന്തരാഗ്നേയ രൂപങ്ങളാണ് ഇവ
- അതി വിസ്തൃതമായി കാണപ്പെടുന്നു
- ഇവ ഗ്രാനൈറ് ശിലകളാണ്
- ഒന്നാകെ തണുത്തുറഞ്ഞ മാഗ്മ അറകളാണിവ

**ലാക്കോലിത്ത്**

- മകുടങ്ങൾ പോലെ ഭൂവൽക്കത്തിനുള്ളിൽ രൂപപ്പെടുന്ന അന്തരാഗ്നേയ ശിലാരൂപങ്ങളാണിവ
- താഴെ നിന്നും കുഴൽ സമാനമായ നാളിയോട് കൂടിയ പരന്ന അടിത്തട്ടാണിവക്ക്
- ഉദാ - കർണാടക പീഠഭൂമിയിലെ ഗ്രാനൈറ്റ് കുന്നുകൾ

**ലാപ്പോലിത്ത്**

- കോൺകേവ് ആകൃതിയിൽ രൂപപ്പെടുന്ന അന്തരാഗ്നേയ ശിലകൾ

**ഫാക്കോലിത്ത്**

- തരംഗ രൂപത്തിൽ ശിലാദ്രവം തണുത്തുറഞ്ഞ് രൂപപ്പെടുന്ന അന്തരാഗ്നേയ ശിലാരൂപങ്ങൾ

**സില്ലുകൾ, ഷീറ്റുകൾ**

- തിരശ്ചീനമായ ആഗ്നേയ ശിലാരൂപങ്ങൾക്ക് നേരിയ കനമേ ഉള്ളൂവെങ്കിൽ അവയെ **ഷീറ്റുകൾ** എന്നും കനം കൂടുതലുള്ളവയെ **സില്ലുകൾ** എന്നും വിളിക്കുന്നു

 Downloaded from www.Hsslive.in ®

**ഡൈക്ക്**

- ശിലാദ്രവം ലംബദിശയിൽ തണുത്തുറഞ്ഞ്, ഭിത്തികൾക്ക് സമാനമായി രൂപപ്പെടുന്ന ആന്താഗ്നേയരൂപങ്ങളാണിവ




ചിത്രം 3.5 : അഗ്നിപർവതജന്യ ഭൂരൂപങ്ങൾ

HSSLIVE.IN ®

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

**X------------------------------------------------------------------------------------------X**

 Downloaded from www.Hsslive.in ®

# പാർട്ട് 1 - ചാപ്റ്റർ 4
# വൻകരകളുടെയും സമുദ്രങ്ങളുടെയും വിതരണം

- ➔ വടക്കേ അമേരിക്കയും തെക്കേ അമേരിക്കയും അഫ്രിക്കയും യൂറോപ്പുമൊക്കെ പ്രാചീനകാലത്ത് ഒന്നായിരിക്കാമെന്ന സാധ്യത ആദ്യമായി മുന്നോട്ട് വെച്ചത് - **എബ്രഹാം ഓർട്ടേലിയസ്** (ഡച്ച് ഭൂപട നിർമാതാവ് - 1596 )
- ➔ വൻകരകളെ (യൂറോപ്പ്,ആഫ്രിക്ക, അമേരിക്ക) ചേർത്ത് വെച്ച് ആദ്യമായി ഭൂപടം തയ്യാറാക്കിയത് - **അന്റോണിയോ പെല്ലിഗ്രിനി**

## വൻകരകളുടെയും സമുദ്രങ്ങളുടെയും വിതരണത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ

### 1 .വൻകരവിസ്ഥാപന സിദ്ധാന്തം

- ജർമ്മൻ കാലാവസ്ഥശാസ്ത്രജ്ഞനായ **ആൽഫ്രഡ് വെഗനർ** ആണ് **വൻകാരവിസ്ഥാപന സിദ്ധാന്തം** 1912 -ൽ അവതരിപ്പിച്ചത്
- **വൻകരകളുടെയും സമുദ്രങ്ങളുടെയും വിതരണത്തെക്കുറിച്ചുള്ള സിദ്ധാന്തമാണിത്**
- വെഗനെറുടെ സിദ്ധാന്തം പ്രസ്താവിക്കുന്നത്, ഇന്നുള്ള വൻകരകളെല്ലാം ഒരുകാലത്ത് ഒന്നുചേർന്നാണ് സ്ഥിതി ചെയ്തിരുന്നത് എന്നും അതിനു ചുറ്റും ഒരു ബൃഹത്സമുദ്രം നിലനിന്നിരുന്നു എന്നുമാണ്
- **ബൃഹത് വൻകരക്ക്** അദ്ദേഹം **പാൻജിയ**(അർഥം = മുഴുവൻ ഭൂമി) എന്നും **ബൃഹത് സമുദ്രത്തിന് പന്തലാസ**(അർഥം = മുഴുവൻ സമുദ്രം) എന്നും പേര് നൽകി.
- അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം, ഏകദേശം **200 ദശലക്ഷം വർഷങ്ങൾക്ക് മുൻപ്** പാൻജിയ കുറുകെ പിളർന്നു മാറാൻ തുടങ്ങി. ഇതിൽ **വടക്കൻ ഭാഗം ലൗറേഷ്യ** എന്നും **തെക്കൻ ഭാഗം ഗോണ്ട്വാനലാൻഡ്** എന്നും അറിയപ്പെട്ടു
- പിന്നീട് ഇവ വീണ്ടും പലതായി പിളരുകയും ഇന്ന് കാണുന്ന വൻകരകളായി പരിണമിക്കുകയും ചെയ്തു
- **ലൗറേഷ്യയിൽ നിന്നും പിളർന്നു മാറിയ വൻകരാ ഭാഗങ്ങൾ - വടക്കേ അമേരിക്ക, യൂറേഷ്യ, ഗ്രീൻലാൻഡ് ,ആർട്ടിക് പ്രദേശം**
- **ഗോണ്ട്വാനലാൻഡിൽ പിളർന്നു മാറിയ വൻകരാ ഭാഗങ്ങൾ - തെക്കേ അമേരിക്ക,ആഫ്രിക്ക, ഇന്ത്യൻ ഉപഭൂഖണ്ഡം,ഓസ്ട്രേലിയ, അന്റാർട്ടിക് പ്രദേശം**

### വൻകരവിസ്ഥാപനത്തിന്റെ അനുകൂല തെളിവുകൾ (വൻകരവിസ്ഥാപനത്തെ സാധൂകരിക്കുന്ന തെളിവുകൾ)

- ✔ **വൻകരകളുടെ അരികുകളുടെ ചേർച്ച (ഈർച്ചവാൾ ചേർച്ച)**
- ✔ **സമുദ്രങ്ങളുടെ ഇരുകരകളിലേയും ശിലകളുടെ സമപ്രായം**
- ✔ **ടില്ലൈറ്റ് നിക്ഷേപങ്ങൾ**
- ✔ **പ്ലേസർ നിക്ഷേപങ്ങൾ**
- ✔ **ഫോസിലുകളുടെ വിതരണം**

### വൻകരകളുടെ അരികുകളുടെ ചേർച്ച (ഈർച്ചവാൾ ചേർച്ച)

- ആഫ്രിക്കയുടെയും തെക്കേ അമേരിക്കയുടെയും തീരങ്ങൾ തമ്മിൽ അത്ഭുതകരമായ ചേർച്ചയുണ്ട്
- പിന്നീട് ബുള്ളാർഡ് 1964 -ൽ കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ സഹായത്തോടെ ഇരുകരകളുടെയും അരികുകൾ ചേർത്ത് വരച്ചുണ്ടാക്കിയ ഭൂപടം ഈ വാദത്തെ ശരിവെക്കുന്നതായിരുന്നു.

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

### സമുദ്രങ്ങളുടെ ഇരുകരകളിലേയും ശിലകളുടെ സമപ്രായം

- സമീപകാലത്ത് നിലവിൽ വന്ന റേഡിയോമെട്രിക് കാലഗണനാ രീതി ഉപയോഗിച്ച് ലോകത്തിലെ മിക്ക തീരമേഖലകളിലെയും ശിലകൾ പഠനവിധേയമാക്കിയപ്പോൾ, ബ്രസീലിലേയും പശ്ചിമ ആഫ്രിക്കയിലെയും തീരമേഖലയിലുള്ള ശിലകൾക്ക് ഏകദേശം 2000 മില്യൺ വർഷം

 Downloaded from www.Hsslive.in ®

പഴക്കമുള്ളതായി കണ്ടെത്തി.

- തെക്കേ അമേരിക്കയിലെയും ആഫ്രിക്കയിലെയും ഏറ്റവും പഴക്കം ചെന്ന സമുദ്രനിക്ഷേപങ്ങൾ ജൂറാസിക് പീരിയഡിൽ ഉണ്ടായതാണെന്ന് കണ്ടെത്തുകയും ചെയ്തു . ഇത് സൂചിപ്പിക്കുന്നത് ജൂറാസിക് പീരിയഡിന് മുൻപ് ഈ വൻകരകൾക്കിടയിൽ സമുദ്രം ഉണ്ടായിരുന്നില്ല എന്നാണ്

## ടില്ലൈറ്റ് നിക്ഷേപങ്ങൾ

- **ഹിമാനികളുടെ നിക്ഷേപണഫലമായിട്ട് ഉണ്ടായിട്ടുള്ള അവസാദ ശിലയാണ് ടില്ലൈറ്റ്**
- ഇന്ത്യയിൽ നിന്നും കണ്ടെത്തിയിട്ടുള്ള ഗോണ്ഡ്വാനകാലഘട്ടത്തിലെ അവസാദങ്ങൾക്ക് സമാനമായവ ദക്ഷിണാർദ്ധ ഗോളത്തിൽ സ്ഥിതി ചെയ്യുന്ന ആഫ്രിക്ക, ഫാക്‌ലാൻഡ് ദ്വീപുകൾ, മെഡഗാസ്കർ, അന്റാർട്ടിക്ക, ഓസ്‌ട്രേലിയ എന്നിവിടങ്ങളിലും കണ്ടെത്തിയിട്ടുണ്ട്.
- അതുപോലെ, ടില്ലൈറ്റുകൾ പ്രാചീന കാലാവസ്ഥയെക്കുറിച്ചും വൻകരകളുടെ വിസ്ഥാപനത്തെക്കുറിച്ചും സൂചനകൾ നൽകുന്നു

## പ്ലേസർ നിക്ഷേപങ്ങൾ

- ആഫ്രിക്കയിലെ ഘാനയുടെ തീരപ്രദേശത്ത് ഉറവിടശിലകളില്ലാതെ കാണപ്പെടുന്ന സ്വർണ്ണ നിക്ഷേപങ്ങളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തിയത് തെക്കേ അമേരിക്കയിലെ ബ്രസീലിൽ നിന്നാണ്. ഇത് സൂചിപ്പിക്കുന്നത് ഈ രണ്ട് വൻകരകൾ ഒരിക്കൽ ഒന്നായിരുന്നപ്പോൾ രൂപപ്പെട്ടതാണെന്നാണ്

## ഫോസിലുകളുടെ വിതരണം

- കരയിലും ശുദ്ധജലത്തിലും ജീവിക്കുന്ന പല സമാന സസ്യ ജന്തു ജീവജാലങ്ങളും വിശാലമായ സമുദ്രത്തിങ്ങളുടെ ഇരുകരകളിലും കാണപ്പെടുന്നു.
- ലെമർ എന്നയിനം കുരങ്ങിന്റെ സാന്നിധ്യം ഇന്ത്യ ,ആഫ്രിക്ക, മഡഗാസ്കർ എന്നിവിടങ്ങളിലുണ്ട്
- മീസോസോറസ് എന്ന ഉരഗജീവിയുടെ ഫോസിൽ ഇന്നുവരെ കണ്ടെത്തിയ രണ്ടിടങ്ങൾ ബ്രസീലിലെ ഐറേവർ ശിലാപാളിയും ദക്ഷിണാഫ്രിക്കയിലെ സതേൺ കേപ് പ്രൊവിൻസും മാത്രമാണ്.
- ഇവയെല്ലാം സൂചിപ്പിക്കുന്നത് ഈ കരഭാഗങ്ങളെല്ലാം ഒരു കാലത്ത് ഒരുമിച്ച് കിടന്നിരുന്നവയാണെന്നാണ്.

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

## വൻകരകളുടെ ചലനത്തിന് കാരണമായ ബലം

- ✔ ധ്രുവോന്മുഖ ചലന ബലം :- ഭൂമിയുടെ ഭ്രമണം മൂലമുണ്ടായ ബലം
- ✔ വേലി ബലം :- സൂര്യന്റെയും ചന്ദ്രന്റെയും ആകർഷണം മൂലം വേലികൾ ഉണ്ടാകുന്നത് വഴി രൂപപ്പെടുന്ന ബലം



കഴിഞ്ഞ 540 ദശലക്ഷം വർഷങ്ങളായി വൻകരകളുടെ ചലനം.

 Downloaded from www.Hsslive.in ®

## വിസ്ഥാപനാനന്തര പഠനങ്ങൾ

### 1. സംവഹന പ്രവാഹ സിദ്ധാന്തം

- **1930** - കളിൽ **ആർതർ ഹോംസ്** ആണ് സംവഹന പ്രവാഹ സിദ്ധാന്തം മുന്നോട്ട് വെച്ചത്
- ഭൂമിയുടെ മാന്റിലിൽ സംവഹന പ്രവാഹങ്ങളുടെ സാധ്യത അദ്ദേഹം ചൂണ്ടിക്കാണിച്ചു
- ആണവ മൂലകങ്ങളുടെ സാന്നിധ്യം മൂലം മാന്റിലിനുള്ളിൽ ഉണ്ടാകുന്ന താപ വ്യത്യാസമാണ് സംവഹന പ്രവാഹം ഉണ്ടാകാൻ കാരണമെന്ന് അദ്ദേഹം വാദിച്ചു
- മാന്റിലിനുള്ളിലെ സംവഹനപ്രവാഹങ്ങൾ വൻകരകൾ ചലിക്കുന്നതിനു കാരണമാകുന്നു എന്നതാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം
- ഈ കണ്ടെത്തൽ വെഗ്നറുടെ വൻകര വിസ്ഥാപനത്തിന് കാരണമാകുന്ന ബലത്തെ വിശദീകരിക്കാൻ സഹായകരമായി

### 2. ഫലകചലന സിദ്ധാന്തം

- 1967 -ൽ മെക്കൻസി, പാർക്കർ, മോർഗൻ എന്നിവരാണ് ഫലക ചലനം എന്ന ആശയം മുന്നോട്ട് വെച്ചത്
- 7 വൻകരാ ഫലകങ്ങളാലും ഏതാനും ചെറു ഫലകങ്ങളാലും നിർമ്മിതമാണ് ഭൂമിയുടെ ശിലാമണ്ഡലം എന്നാണ് ഫലക ചലന സിദ്ധാന്തം പറയുന്നത്
- വൻകരയുടെയും സമുദ്രത്തിന്റെയും ശിലാമണ്ഡലം ഉൾപ്പെടുന്ന ക്രമരഹിതവും ബൃഹത്തുമായ കനത്ത ശിലാപാളികളാണ് ടെക്റ്റോണിക് ഫലകങ്ങൾ അഥവാ ശിലാമണ്ഡല ഫലകങ്ങൾ
- ഒരു ഫലകം വൻകരഫലകമാണോ സമുദ്ര ഫലകമാണോ എന്ന് നിശ്ചയിക്കപ്പെടുന്നത്, വൻകരയാണോ സമുദ്രമാണോ ആ ഫലകത്തിന്റെ ഏറിയ പങ്കും എന്നതിനെ ആശ്രയിച്ചിരിക്കും
- ഫലകങ്ങൾ അസ്തനോസ്ഫിയറിനു മുകളിലൂടെ തിരശ്ചീനമായി നീങ്ങുന്നു

#### വൻ ഫലകങ്ങൾ

**i. അന്റാർട്ടിക്കയും അതിനു ചുറ്റുമുള്ള സമുദ്രഫലകവും**
**ii. വടക്കേ അമേരിക്കൻ ഫലകം**
**iii. തെക്കേ അമേരിക്കൻ ഫലകം**
**iv. പസഫിക് ഫലകം**
**v. ഇന്ത്യ - ആസ്ട്രേലിയ - ന്യൂസിലാൻഡ് ഫലകം**
**vi. ആഫ്രിക്കൻ ഫലകം**
**vii. യൂറേഷ്യ ഉൾപ്പെടുന്ന സമുദ്രഫലകം**

#### ചെറു ഫലകങ്ങൾ

I. **കൊക്കോസ് ഫലകം** - മധ്യ അമേരിക്കക്കും പസഫിക് ഫലകത്തിനുമിടയിൽ
II. **നസ്ക ഫലകം** - തെക്കേ അമേരിക്കക്കും പസഫിക് ഫലകത്തിനുമിടയിൽ
III. **അറേബ്യൻ ഫലകം** - ഭൂരിഭാഗം സൗദി അറേബ്യൻ പ്രദേശങ്ങളും
IV. **ഫിലിപ്പൈൻ ഫലകം** - ഏഷ്യാറ്റിക് - പസഫിക് ഫലകങ്ങൾക്കിടയിൽ
V. **കരോലിൻ ഫലകം** - ഫിലിപ്പൈൻ ഫലകത്തിനും ഇന്ത്യൻ ഫലകത്തിനുമിടയിൽ
VI. **ഫ്യൂജി ഫലകം** - ഓസ്ട്രേലിയക്ക് വടക്ക് കിഴക്ക്

Downloaded from www.Hsslive.in ®



ചിത്രം 4.5: ലോകത്തിലെ വൻഫലകങ്ങളും ചെറുഫലകങ്ങളും

## വിവിധ തരം ഫലകതിരുകൾ

➔ ഫലകതിരുകൾ 3 തരമുണ്ട്

i. വിയോജക സീമകൾ

ii. സംയോജക സീമകൾ

iii. രൂപാന്തര സീമകൾ

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

### i.വിയോജക സീമകൾ (Divergent boundaries)

- ഫലകങ്ങൾ തമ്മിൽ അകന്നു മാറുന്ന ഭാഗങ്ങളിലെ ഫലകാതിരുകൾ
- ഇവിടെ പുതിയ ഭ്രവൽക്കം രൂപപ്പെടുന്നു
- **വ്യാപന മേഖലകൾ** (spreading sites)എന്നും ഈ മേഖലക്ക് പേരുണ്ട്
- ഉദാ :- മധ്യ അറ്റലാന്റിക് പർവതനിര

### ii. സംയോജക സീമകൾ ( Convergent boundaries)

- ഫലകങ്ങൾ തമ്മിൽ അടുക്കുമ്പോഴുള്ള ഫലകതിരുകൾ
- ഇവിടെ ഒരു ഫലകം മറ്റൊന്നിനടിയിലേക്ക് ആണ്ട് പോകുന്നു
- ഈ മേഖല **നിമജ്ജന മേഖല** (subduction zone) എന്നും അറിയപ്പെടുന്നു

**ഫലക സംയോജനം 3 രീതിയിൽ നടക്കാം**

➔ **സമുദ്ര ഫലകവും വൻകര ഫലകവും തമ്മിൽ**

➔ **രണ്ട് സമുദ്ര ഫലകങ്ങൾ തമ്മിൽ**

➔ **രണ്ട് വൻകര ഫലകങ്ങൾ തമ്മിൽ**

### iii. രൂപാന്തര സീമകൾ (Transform boundaries)

- ✔ ഫലകങ്ങൾ തമ്മിൽ ഉരസി നീങ്ങുന്നതരം ഫലകതിരുകൾ
- ✔ ഇത്തരം ഫലകതിരുകളിൽ ഭ്രവൽക്കം പുതിയതായി നിർമിക്കപ്പെടുകയോ, നശിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല

## ഫലകചലന വേഗത്തിന്റെ നിരക്ക്

- ഏറ്റവും **സാവധാനത്തിൽ** ചലിക്കുന്ന ഫലകം - **ആർട്ടിക് കുന്ന്** (വർഷത്തിൽ 2.5 cm ൽ താഴെ)
- ഏറ്റവും **വേഗത്തിൽ** ചലിക്കുന്ന ഫലകം - **ഈസ്റ്റ് പസഫിക് റൈസ്** (വർഷത്തിൽ 15 cm ൽ കൂടുതൽ)

 Downloaded from www.Hsslive.in ®

## ഇന്ത്യൻ ഫലകത്തിന്റെ ചലനം

- ഉപദ്വീപിയൻ ഇന്ത്യയുടേയും ആസ്ട്രേലിയൻ വൻകരയുടേയും ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ഫലകം.
- അതിവിശാലമായ സമുദ്രത്തിൽ ഓസ്ട്രേലിയൻ തീരത്തിനടുത്ത് സ്ഥിതി ചെയ്തിരുന്ന ഒരു വൻ ദ്വീപായിരുന്ന ഇന്ത്യ
- ഏതാണ്ട് 225 മില്യൺ വർഷങ്ങൾക്ക് മുൻപ് വരെ തെഥീസ് കടലിനാൽ ഇന്ത്യയും ഏഷ്യയും തമ്മിൽ വേർപെട്ടാണ് നിലനിന്നിരുന്നത്
- ഏതാണ്ട് 200 മില്യൺ വർഷങ്ങൾക്ക് മുൻപ് പാൻജിയ പൊട്ടിപ്പിളർന്നപ്പോൾ മുതലാണ് ഇന്ത്യൻ ഫലകത്തിന്റെ വടക്കോട്ടുള്ള ചലനം ആരംഭിച്ചതെന്ന് അനുമാനിക്കപ്പെടുന്നു
- ഏകദേശം 140 മില്യൺ വർഷങ്ങൾക്ക് മുൻപ് ഇന്ത്യൻ ഉപദ്വീപ് 50° തെക്ക് അക്ഷാംശത്തിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്
- ഇന്ത്യൻ ഫലകം ഏഷ്യൻ ഫലകത്തിനടുത്തേക്ക് നീങ്ങിയപ്പോഴാണ് ലാവാ പ്രവാഹത്തിലൂടെ ഡെക്കാൻ ട്രാപ്പ് രൂപം കൊണ്ടത്
- ഇന്ത്യൻ ഫലകം ഏഷ്യൻ ഫലകവുമായി കൂടിച്ചേർന്നത് ഏതാണ്ട് 40 -50 മില്യൺ വർഷങ്ങൾക്ക് മുൻപ് ആയിരുന്നുവെന്നും അതിലൂടെയാണ് ഹിമാലയൻ പർവതം രൂപപ്പെട്ടത് എന്നും കണക്കാക്കപ്പെടുന്നു
- ഈ പ്രക്രിയ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നുവെന്നും ഹിമാലയൻ നിരകളുടെ ഉയരം കൂടിക്കൊണ്ടിരിക്കുന്നു എന്നും ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു




ചിത്രം 4.6: ഇന്ത്യൻ ഫലകത്തിന്റെ ചലനം

 Downloaded from www.Hsslive.in ®

## 3. സമുദ്രതട വ്യാപനം എന്ന ആശയം

- **1961 -ൽ ഹാരി ഹെസ്** എന്ന ശാസ്ത്രജ്ഞൻ ആണ് **സമുദ്രതട വ്യാപനം** എന്ന ആശയം മുന്നോട്ട് വെച്ചത്
- **വിയോജക ഫലക സീമകളിലാണ്** സമുദ്രതട വ്യാപനം നടക്കുന്നത്
- **സമുദ്രാന്തർ പർവതനിരകളിലെ തുടർച്ചയായ അഗ്നിപർവത സ്ഫോടനം സമുദ്ര ഭുവൽക്കത്തിൽ വിള്ളലുണ്ടാക്കുമെന്നും, സമുദ്ര ഭുവൽക്കഭാഗത്തെ വശങ്ങളിലേക്ക് തള്ളി മാറ്റിക്കൊണ്ട് ആ വിടവിലൂടെ പുറത്തേക്കൊഴുകുന്ന ലാവ തണുത്ത് പുതിയ കടൽത്തറ രൂപം കൊള്ളുന്നു എന്നും അദ്ദേഹം വാദിച്ചു**
- ഉദാ:- **മധ്യ-സമുദ്ര കുന്നുകൾ**
- ഈ പ്രതിഭാസം മൂലം അറ്റ്ലാന്റിക് സമുദ്രത്തിന്റെ വിസ്തൃതി വർധിച്ചു വരികയും പസഫിക് സമുദ്രത്തിന്റെ വിസ്തൃതി കുറയുകയും ചെയ്യുന്നു



ചിത്രം 4.3 : കടൽത്തറവ്യാപനം

### സമുദ്രതട വ്യാപനത്തിന്റെ തെളിവുകൾ

- ✗ സമുദ്രാന്തർ പർവതനിരകളിലെല്ലാം അഗ്നിപർവത സ്ഫോടനങ്ങൾ സാധാരണമാണ്; ഇത് വൻതോതിലുള്ള ലാവ പുറന്തള്ളലിന് കാരണമാകുന്നു
- ✗ സമുദ്രാന്തർ പർവതശൃംഗങ്ങളുടെ ഇരുവശത്തും തുല്യ അകലങ്ങളിലെ ശിലകളുടെ രാസഘടന, കാന്തിക ഗുണങ്ങൾ, പ്രായം, എന്നിവയിൽ സാമ്യമുണ്ട്
- ✗ വൻകരയിലെ ശിലകളേക്കാൾ സമുദ്രശിലകൾക്ക് പ്രായം തീരെ കുറവാണ്
- ✗ സമുദ്രത്തിലെ അവസാദങ്ങൾക്ക് കനം തീരെ കുറവാണ്
- ✗ സമുദ്രാന്തർ പർവതനിരകളിലെ ഭൂകമ്പങ്ങളുടെ പ്രഭവ കേന്ദ്രങ്ങൾക്ക് ആഴം തീരെ കുറവാണ്

### സമുദ്രതട ഭൂപ്രകൃതി

- ആഴം, നിമ്നോന്നതി എന്നിവയുടെ അടിസ്ഥാനത്തിൽ **സമുദ്രതട ഭൂപ്രകൃതിയെ മൂന്നു പ്രധാനഭാഗങ്ങളായി** തരം തിരിക്കാം

1. **വൻകരാ അതിരുകൾ**
2. **ആഴക്കടൽ സമതലങ്ങൾ**
3. **സമുദ്രാന്തർ പർവതനിരകൾ**



### വൻകരാ അതിരുകൾ

- വൻകരകളുടെ തീരങ്ങൾക്കും ആഴക്കടൽ സമതലത്തിനുമിടയിലുള്ള അതിർത്തി മേഖലകളാണിവ

 Downloaded from www.Hsslive.in ®

- ഇതിൽ വൻകര തട്ട്, വൻകരച്ചരിവ്, വൻകര ഉയർച്ച, അഗാധ സമുദ്ര ഗർത്തങ്ങൾ എന്നിവ ഉൾപ്പെടുന്നു

**ആഴക്കടൽ സമതലങ്ങൾ**

- സമുദ്രാന്തർ പർവതനിരകൾക്കും വൻകരകളുടെ അതിരുകൾക്കുമിടയിലെ വിശാലമായ സമതലങ്ങളാണിവ
- വൻകരാ അതിരുകളും കടന്നെത്തുന്ന നേർത്ത അവസാദങ്ങൾ പോലും നിക്ഷേപിക്കപ്പെടുന്ന പ്രദേശമാണിത്

**സമുദ്രാന്തർ പർവതനിരകൾ**

- സമുദ്രത്തിനടിയിലെ പരസ്പരബന്ധിതമായ പർവ്വതനിരകളുടെ ശൃംഖലകളാണിവ
- ഭൂമിയിലെ ഏറ്റവും ദൈർഘ്യമേറിയ പർവ്വതനിരകളാണിവ
- അഗ്നിപർവ്വതങ്ങളാൽ സജീവമാണ് സമുദ്രാന്തർ പർവതനിരകളുടെ ശൃംഗ നിരയിലെ ഭ്രംശ മേഖല




**AKJ HSST Jr GEOGRAPHY SVHSS PALEMAD**

X--------------------------------------------------------------------------X

Downloaded from www.Hsslive.in ®

# പാർട്ട് 1 - ചാപ്റ്റർ 8

## അന്തരീക്ഷം - സംരചനയും ഘടനയും

### അന്തരീക്ഷം

- ഭൂമിയെ ചുറ്റി സ്ഥിതി ചെയ്യുന്ന വ്യത്യസ്ത വാതകങ്ങളുടെ ഒരു മിശ്രിതമാണ് അന്തരീക്ഷം
- മനുഷ്യനും മറ്റ് ജന്തുജാലങ്ങൾക്കും ജീവവായുവായിട്ടുള്ള ഓക്സിജനും സസ്യങ്ങൾക്ക് വേണ്ട കാർബൺ ഡൈ ഓക്സൈഡും ഇതിൽ അടങ്ങിയിരിക്കുന്നു
- അന്തരീക്ഷ പിണ്ഡത്തിന്റെ 99 ശതമാനവും ഭൗമോപരിതലത്തിൽ നിന്നും 32 കിലോ മീറ്ററുകൾക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത്

### അന്തരീക്ഷത്തിന്റെ സംരചന (ഉള്ളടക്കം)

- അന്തരീക്ഷത്തിൽ വാതകങ്ങൾ, ജലബാഷ്പം (നീരാവി), പൊടി പടലങ്ങൾ എന്നിവ അടങ്ങിയിരിക്കുന്നു

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

- **വാതകങ്ങൾ**
- അന്തരീക്ഷത്തിൽ അടങ്ങിയിട്ടുള്ള വാതകങ്ങളിൽ ഏറ്റവും കൂടുതൽ **(78 .08 %)** ഉള്ളത് **നൈട്രജൻ** ആണ്
- രണ്ടാമതായി **ഓക്സിജനും (20 .95 %)**

**അന്തരീക്ഷത്തിൽ അടങ്ങിയിരിക്കുന്ന വാതകങ്ങളുടെ 99 ശതമാനവും നൈട്രജനും ഓക്സിജനുമാണ്**

- അന്തരീക്ഷത്തിൽ **കാർബൺ ഡൈ ഓക്സൈഡിന്റെ** അളവ് **0.036 %** ആണ്
  - ✗ കാലാവസ്ഥാപരമായി വളരെയധികം പ്രാധാന്യമുള്ള വാതകമാണ് $CO_2$
  - ✗ $CO_2$ സൗരവികിരണത്തിൽ സുതാര്യമായും തിരികെ പോകുന്ന ഭൗമവികിരണത്തിൽ അതാര്യമായും പ്രവർത്തിക്കുന്നു
  - ✗ ഭൗമ വികിരണത്തിൽ കുറച്ച് ഭാഗം $CO_2$ ആഗിരണം ചെയ്യുകയും അതിൽ കുറച്ചളവ് ഭൗമോപരിതലത്തിലേക്ക് പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ഇത് **ഹരിതഗൃഹ പ്രഭാവത്തിനു** കാരണമാകുന്നു
  - ✗ അന്തരീക്ഷത്തിൽ അടങ്ങിയിരിക്കുന്ന വാതകങ്ങളിൽ കാർബൺ ഡൈ ഓക്സൈഡ് ഒഴികെ മറ്റെല്ലാ വാതകങ്ങളുടെയും അളവ് സ്ഥായിയായി നിലനിൽക്കുന്നു
  - ✗ അന്തരീക്ഷത്തിൽ അടങ്ങിയിരിക്കുന്ന co2 ന്റെ വർദ്ധനവിന് താഴെ പറയുന്ന ഘടകങ്ങൾ കാരണമാകുന്നു
    - **ജൈവ ഇന്ധനങ്ങളുടെ അമിത ഉപയോഗം**
    - **വ്യവസായവൽക്കരണം**
    - **വനനശീകരണം**
- അന്തരീക്ഷത്തിലെ മറ്റൊരു പ്രധാന വാതകമാണ് **ഓസോൺ**
  - ✗ ഭൗമോപരിതലത്തിൽ നിന്നും 10 മുതൽ 50 കിലോ മീറ്റർ വരെ ഉയരമുള്ള ഭാഗത്താണ് ഓസോൺ കാണപ്പെടുന്നത്
  - ✗ **സൂര്യനിൽ നിന്നും പ്രസരിക്കുന്ന മാരകമായ അൾട്രാ വയലറ്റ് രശ്മികളെ ആഗിരണം ചെയ്ത് ഭൂമിയുടെ ഒരു രക്ഷാകവചമായി ഓസോൺ പ്രവർത്തിക്കുന്നു**

**പട്ടിക 8.1 : അന്തരീക്ഷത്തിലെ സ്ഥിരവാതകങ്ങൾ**

| സ്ഥിരവാതകങ്ങൾ | സൂത്രവാക്യം | വ്യാപ്തം (%) |
|---|---|---|
| നൈട്രജൻ | $N_2$ | 78.08 |
| ഓക്സിജൻ | $O_2$ | 20.95 |
| ആർഗൺ | Ar | 0.93 |
| കാർബൺ ഡൈ ഓക്സൈഡ് | $CO_2$ | 0.036 |
| നിയോൺ | Ne | 0.002 |
| ഹീലിയം | He | 0.0005 |
| ക്രിപ്റ്റോൺ | Kr | 0.001 |
| സിനോൺ | Xe | 0.00009 |
| ഹൈഡ്രജൻ | $H_2$ | 0.00005 |

 Downloaded from www.Hsslive.in ®

■ **ജലബാഷ്പം (നീരാവി)**

- തുടർച്ചയായ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു അന്തരീക്ഷവാതകമാണ് ജലബാഷ്പ്പം
- **ഉയരം കൂടുന്തോറും ജലബാഷ്പത്തിന്റെ അളവ് കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു**
- **ഉഷ്ണമേഖലാ പ്രദേശത്ത്** വായുവിൽ ഏകദേശം **4 ശതമാനത്തോളം** ജലബാഷ്പ്പം കാണപ്പെടുന്നു
- എന്നാൽ **വരണ്ടതും തണുത്തതുമായ മരുഭൂമികളിലും ധ്രുവപ്രദേശങ്ങളിലും 1** ശതമാനത്തിൽ താഴെയാണ് ജലബാഷ്പം കണ്ട് വരുന്നത്
    - ✔ ജലബാഷ്പ്പം കുറഞ്ഞ അളവിൽ സൗരവികിരണത്തെ ആഗിരണം ചെയ്യുകയും ഭൗമവികിരണത്തെ തടഞ്ഞു നിർത്തുകയും ചെയ്യുന്നു
    - ✔ ഭൂമിയെ കൂടുതൽ ചൂടോ തണുപ്പോ ആകാൻ അനുവദിക്കാതെ, ഒരു പുതപ്പു പോലെ ജലബാഷ്പ്പം പ്രവർത്തിക്കുന്നു
    - ✔ വായുവിലുണ്ടാകുന്ന സ്ഥിര- അസ്ഥിര അവസ്ഥകളെ ജലബാഷ്പം സ്വാധീനിക്കുന്നു

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

■ **പൊടി പടലങ്ങൾ**

- പൊടിപടലങ്ങൾ പൊതുവെ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത് ഭൗമോപരിതലത്തോട് ചേർന്നുള്ള അന്തരീക്ഷ പാളികളിലാണ്
- ഉപോഷ്ണ മേഖല പ്രദേശങ്ങളിലും മിതോഷ്ണ മേഖല പ്രദേശങ്ങളിലും വീശുന്ന വരണ്ട കാറ്റുകൾ മൂലം ഈ പ്രദേശങ്ങളിലെ അന്തരീക്ഷത്തിൽ, ഭൂമധ്യരേഖാ പ്രദേശങ്ങളെ അപേക്ഷിച്ച് പൊടിപടലങ്ങൾ കൂടുതലായി കാണപ്പെടുന്നു
- പൊടി പടലങ്ങൾ, കടലുപ്പ് എന്നിവ അന്തരീക്ഷത്തിൽ നിന്നും ഈർപ്പം വലിച്ചെടുക്കാൻ കഴിവുള്ള ഖനീകരണ മർമങ്ങളായി (hygroscopic nuclei) പ്രവർത്തിക്കുന്നു; ഇവയെ ചുറ്റി നീരാവി ഖനീഭവിച്ചാണ് മേഘങ്ങൾ ഉണ്ടാകുന്നത്

**പൊടി പടങ്ങളുടെ സ്രോതസ്സുകൾ**

- കടലുപ്പ്, നേർത്ത മൺതരികൾ, ചാരം, പൂമ്പൊടി, ഉൽക്കാശകലങ്ങളിലെ പൊടിയും മറ്റും

## അന്തരീക്ഷത്തിന്റെ ഘടന

◆ **ഊഷ്മാവിന്റെ അടിസ്ഥാനത്തിൽ** അന്തരീക്ഷത്തെ **അഞ്ച് വ്യത്യസ്ത പാളി**കളായി തരം തിരിക്കാം

- **ട്രോപോസ്ഫിയർ**
- **സ്ട്രാറ്റോസ്ഫിയർ**
- **മീസോസ്ഫിയർ**
- **തെർമോസ്ഫിയർ**
- **എക്സോസ്ഫിയർ**



ചിത്രം 8.1 : അന്തരീക്ഷത്തിന്റെ ഘടന

 Downloaded from www.Hsslive.in ®

- **ട്രോപോസ്ഫിയർ**
  - അന്തരീക്ഷത്തിന്റെ **ഏറ്റവും താഴത്തെ പാളിയാണ്** ട്രോപ്പോസ്ഫിയർ
  - **ശരാശരി ഉയരം 13 km**
  - **ധ്രുവപ്രദേശങ്ങളിൽ 8km** വരെയും **ഭൂമധ്യരേഖാ പ്രദേശങ്ങളിൽ 18km** വരെയും വ്യാപിച്ചിരിക്കുന്നു
  - ശക്തമായ സംവഹന പ്രവാഹത്താൽ താപം ഉയരങ്ങളിലേക്ക് പ്രസരിക്കുന്നതുകൊണ്ടാണ് ഭൂമധ്യരേഖാ പ്രദേശങ്ങളിൽ ട്രോപ്പോസ്ഫിയറിനു വ്യാപ്തി കൂടിയിരിക്കുന്നത്
  - **പൊടിപടലങ്ങളും ജലബാഷ്പവും ഏറ്റവും കൂടുതൽ** അടങ്ങിയിട്ടുള്ള അന്തരീക്ഷ പാളിയാണിത്
  - **എല്ലാ തരത്തിലുമുള്ള അന്തരീക്ഷ മാറ്റങ്ങളും** സംഭവിക്കുന്നത് ഈ പാളിയിലാണ്
  - **ഓരോ 165 മീറ്റർ ഉയരം ചെല്ലുന്തോറും 1°C എന്ന തോതിൽ ഈ പാളിയിൽ ഊഷ്മാവ് കുറഞ്ഞു വരുന്നു (ക്രമമായ താപ നഷ്ട നിരക്ക്)**
  - **ഭൂമിയിലെ എല്ലാ ജൈവ പ്രവർത്തനങ്ങളും** നടക്കുന്നത് ഈ പാളിയിലാണ്
  - ട്രോപ്പോസ്ഫിയറിനെ തൊട്ട് മുകളിലുള്ള സ്ട്രാറ്റോസ്ഫിയറിൽ നിന്നും വേർതിരിക്കുന്ന അതിർത്തി മേഖലയാണ് **ട്രോപോപാസ്**
  - ട്രോപ്പോപ്പാസിലെ താപനില ഏകദേശം സ്ഥിരമാണ്

- **സ്ട്രാറ്റോസ്ഫിയർ**
  - **ട്രോപോസ്ഫിയറിന് തൊട്ട് മുകളിലുള്ള അന്തരീക്ഷ പാളിയാണ് സ്ട്രാറ്റോസ്ഫിയർ**
  - ട്രോപ്പോപാസിന് തൊട്ട് മുകളിലായി സ്ഥിതി ചെയ്യുന്ന സ്ട്രാറ്റോസ്പഫിയറിന്റെ **ശരാശരി ഉയരം 50km** ആണ്
  - **സ്ട്രാറ്റോസ്ഫിയറിലാണ് ഓസോൺ പാളി** സ്ഥിതി ചെയ്യുന്നത്
  - **ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനു ഏറ്റവും കൂടുതൽ വിനാശകരമായ സൂര്യനിൽ നിന്നും പ്രസരിക്കുന്ന അൾട്രാ വയലാറ്റ് രശ്മികളെ ആഗിരണം ചെയ്ത് ഭൂമിയുടെ ഒരു സുരക്ഷാകവചമായി ഓസോൺ പാളി പ്രവർത്തിക്കുന്നു**
  - **ഉയരം ചെല്ലുംതോറും ഈ പാളിയിൽ ഊഷ്മാവ് കൂടി വരുന്നു**
  - സ്ട്രാറ്റോസ്ഫിയറിനെയും തൊട്ട് മുകളിലുള്ള മീസോസ്ഫിയറിനെയും തമ്മിൽ വേർതിരിക്കുന്ന അതിർത്തി മേഖലയാണ് **സ്ട്രാറ്റോപാസ്**

- **മീസോസ്ഫിയർ**
  - **സ്ട്രാറ്റോസ്ഫിയറിനു മുകളിൽ 80 km വരെ ഉയരത്തിൽ വ്യാപിച്ച് കിടക്കുന്ന അന്തരീക്ഷ പാളിയാണ് മീസോസ്ഫിയർ**
  - **ഉയരം കൂടുന്തോറും താപനില കുറയുന്നു**
  - 80km ഉയരത്തിൽ എത്തുമ്പോൾ താപനില -100°C
  - മീസോസ്ഫിയറിന്റെ ഏറ്റവും മുകളിലത്തെ ഭാഗം **മീസോപാസ്** എന്നറിയപ്പെടുന്നു

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

- **തെർമോസ്ഫിയർ or അയണോസ്ഫിയർ**
  - **80km നും 400km നും ഇടയിലുള്ള അന്തരീക്ഷപാളിയാണ് ഇത്**
  - **വൈദ്യുത ചാർജുള്ള അയോൺ കണികകളുടെ സാന്നിധ്യമുള്ളതുകൊണ്ടാണ് ഈ പാളിയെ അയണോസ്ഫിയർ എന്ന് വിളിക്കുന്നത്**
  - ഭൂമിയിൽ നിന്നും അയക്കുന്ന റേഡിയോ തരംഗങ്ങളെ ഭൂമിയിലേക്ക് തന്നെ പ്രതിഫലിപ്പിച്ച് തിരിച്ചയക്കുന്ന പാളിയാണിത്
  - **ഇവിടെ ഉയരം കൂടുന്തോറും താപനില കൂടുന്നു**

- **എക്സോസ്ഫിയർ**
  - **തെർമോസ്ഫിയറിനു തൊട്ടു മുകളിൽ സ്ഥിതി ചെയ്യുന്ന അന്തരീക്ഷപാളിയാണ് എക്സോസ്ഫിയർ**

 Downloaded from www.Hsslive.in ®

- അന്തരീക്ഷത്തിന്റെ **ഏറ്റവും മുകളിലത്തെ പാളിയാണിത്**
- 400km ന മുകളിൽ സ്ഥിതി ചെയ്യുന്ന ഈ പാളി **ബഹിരാകാശത്തോട് ചേർന്ന് കിടക്കുന്നു**

## ദിനാന്തരീക്ഷ സ്ഥിതിയുടെയും കാലാവസ്ഥയുടെയും ഘടകങ്ങൾ

- ഊഷ്മാവ്
- മർദ്ദം
- കാറ്റ്
- ആർദ്രത
- മേഘങ്ങൾ
- വർഷണം

➢ **ദിനാന്തരീക്ഷ സ്ഥിതി -** ഒരു ദിവസത്തെ അല്ലെങ്കിൽ കുറഞ്ഞ സമയത്തെ അന്തരീക്ഷ സ്ഥിതി

➢ **കാലാവസ്ഥ -** ദീർഘകാലത്തെ ദിനാന്തരീക്ഷ സ്ഥിതിയുടെ ശരാശരി

X -----------------------------------------------------------------X

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

MGS HSSLIVE.IN ®

 Downloaded from www.Hsslive.in ®

# പാർട്ട് 1 - ചാപ്റ്റർ 14
# സമുദ്രജല ചലനങ്ങൾ

## സമുദ്രജലത്തിന്റെ ചലനം

- സമുദ്രജലം ചലനാത്മകമാണ്.
- സമുദ്രജലത്തിന്റെ ചലനത്തെ സ്വാധീനിക്കുന്ന ഭൗതിക സവിശേഷതകൾ :-
  1. താപം
  2. ലവണത്വം
  3. സാന്ദ്രത
- സമുദ്രജലത്തിന്റെ ചലനത്തെ സ്വാധീനിക്കുന്ന ബാഹ്യ ബലങ്ങൾ
  1.സൂര്യൻ
  2. ചന്ദ്രൻ
  3. കാറ്റ്

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

## വിവിധ തരം സമുദ്രചലനങ്ങൾ

- സമുദ്രജലം ചലനാത്മകമാണ്. സമുദ്രജല ചലനങ്ങളെ **രണ്ട് രീതിയിൽ** തരം തിരിക്കാം

1 . തിരശ്ചീന സമുദ്രചലനങ്ങൾ

ഉദാ :- a) തിരമാലകൾ

b) സമുദ്രജല പ്രവാഹങ്ങൾ

2 . ലംബ സമുദ്രചലനങ്ങൾ

ഉദാ :- a) വേലികൾ

## ➢ തിരമാലകൾ

- സമുദ്രോപരിതലത്തിൽ കാറ്റ് സൃഷ്ടിക്കുന്ന മർദ്ദത്തിന്റെയും ഘർഷണത്തിന്റെയും സ്വാധീനം മൂലം സമുദ്രജലത്തിലുണ്ടാകുന്ന തിരശ്ചീന ചലനങ്ങളാണ് തിരമാലകൾ

### തിരമാലകളുടെ സവിശേഷതകൾ

➢ **തിരാ ശിഖരം** - ഒരു തിരയുടെ ഏറ്റവും ഉയർന്ന ഭാഗം




➢ **തിരാ തടം** - ഒരു തിരയുടെ ഏറ്റവും താഴ്ന്ന ഭാഗം




➢ **തിരോന്നതി** - ഒരു തിരാ ശിഖരത്തിനും തിരാ തടത്തിനുമിടയിലെ ലംബദൂരം



➢ **തിരാ ആയതി** - തിരോന്നതിയുടെ നേർപകുതി



Downloaded from www.Hsslive.in ®



- **തിരാ കാലം** - സമീപസ്ഥങ്ങളായ രണ്ട് തിരാ ശിഖരങ്ങളോ തിരാ തടങ്ങളോ ഒരു നിശ്ചിത സ്ഥാനം പിന്നിടാനെടുക്കുന്ന സമയം



- **തിരാ ദൈർഘ്യം** - രണ്ട് സമീപ തിരാശിഖരങ്ങൾക്കിടയിലെ തിരശ്ചീന ദൂരം

- **തിരാ വേഗം** - ഒരു തിര ജലത്തിലൂടെ സഞ്ചരിക്കുന്ന വേഗം. നോട്സ് (knots ) എന്ന യൂണിറ്റിലാണ് ഇത് രേഖപ്പെടുത്തുന്നത്



- **തിരാ ആവൃത്തി** - ഒരു സെക്കൻഡ് സമയത്തിൽ ഒരു നിശ്ചിത സ്ഥാനം കടന്നുപോകുന്ന തിരകളുടെ എണ്ണം

- **<u>സമുദ്രജല പ്രവാഹങ്ങൾ</u>**

- സമുദ്രജലം വൻതോതിൽ നിശ്ചിത ദിശയിലേക്ക് ഉടർച്ചയായി തിരശ്ചീനമായി ഒഴുകുന്നതാണ് സമുദ്രജല പ്രവാഹങ്ങൾ
- സമുദ്രത്തിനുള്ളിലെ നദികൾ എന്ന് വിശേഷിപ്പിക്കാനാവുന്ന വിധമാണ് ഇവ ഒഴുകുന്നത്
- ഒരു ജലപ്രവാഹത്തിന്റെ വേഗതയെ **"drift"** എന്നാണ് വിളിക്കുന്നത്
- Drift അളക്കുന്നത് **നോട്സ് (knots)** എന്ന യൂണിറ്റിലാണ്
- അർദ്ധഗോളങ്ങളെ ചുറ്റിയുള്ള സമുദ്രജലസഞ്ചയവും അവയുടെ ചാക്രിക പ്രവാഹവുമാണ് **<u>ഗയേഴ്സ്</u>**

**<u>സമുദ്രജല പ്രവാഹത്തെ സ്വാധീനിക്കുന്ന ബലങ്ങൾ</u>**

**1 . പ്രാഥമിക ബലങ്ങൾ** - ജലത്തിന്റെ ചലനത്തിന് കാരണമാകുന്ന ബലങ്ങൾ

പ്രാഥമിക ബലങ്ങളിൽ ഉൾപ്പെടുന്നത്

a) സൗരോർജ്ജത്താലുള്ള താപനം

b) കാറ്റുകൾ

c) ഗുരുത്വാകർഷണം

d) കൊറിയോലിസ് ബലം

**2 . ദ്വിദീയ ബലങ്ങൾ** - ജലപ്രവാഹങ്ങളുടെ ഒഴുക്കിനെ നിയന്ത്രിക്കുന്ന ബലങ്ങൾ

ദ്വിദീയ ബലങ്ങളിൽ ഉൾപ്പെടുന്നത്

a) ലവണത്വം

b) ജലത്തിന്റെ സാന്ദ്രതയിലുള്ള വ്യത്യാസം

 Downloaded from www.Hsslive.in ®

**വിവിധ തരം സമുദ്രജലപ്രവാഹങ്ങൾ**

➔ **I. ആഴത്തെ** അടിസ്ഥാനപ്പെടുത്തി സമുദ്രജലപ്രവാഹങ്ങളെ **രണ്ടായി** തരം തിരിക്കാം

**a ) ഉപരിതല ജലപ്രവാഹങ്ങൾ**

- ആകെ സമുദ്രജലത്തിന്റെ 10%
- സമുദ്രോപരിതലത്തിൽ നിന്നും ആദ്യ 400 mtr. താഴ്ചയിൽ കാണപ്പെടുന്നു

**b ) അഗാധസമുദ്ര ജലപ്രവാഹങ്ങൾ**

- 90 ശതമാനത്തോളം സമുദ്രജലം ഉൾക്കൊള്ളുന്നു
- സാന്ദ്രതയിലും ഗുരുത്വാകർഷണത്തിലും ഉള്ള വ്യത്യാസം മൂലം ഇവ സമുദ്രത്തിന്റെ അടിത്തട്ടിലൂടെ ചലിക്കുന്നു

➔ **II.താപനിലയെ** അടിസ്ഥാനമാക്കി സമുദ്രജലപ്രവാഹങ്ങളെ **രണ്ടായി** തരം തിരിക്കാം

**a ) ശീതജല പ്രവാഹങ്ങൾ**

- ✔ ശീതജല പ്രവാഹങ്ങൾ ശീതജലത്തെ ഉഷ്ണ മേഖലകളിൽ എത്തിക്കുന്നു
- ✔ ശീതജല പ്രവാഹങ്ങൾ പൊതുവെ താഴ്ന്ന അക്ഷാംശങ്ങളിലെയും മധ്യ അക്ഷാംശങ്ങളിലെയും വൻകരകളുടെ പടിഞ്ഞാറൻ തീര പ്രദേശങ്ങളിൽ കാണപ്പെടുന്നു.
- ✔ കൂടാതെ, ഉത്തരാർദ്ധ ഗോളത്തിൽ ഉയർന്ന അക്ഷാംശങ്ങളിലെ വൻകരകളുടെ കിഴക്കൻ തീരങ്ങളിലും കാണപ്പെടുന്നു

**b ) ഉഷ്ണജല പ്രവാഹങ്ങൾ**

- ഉഷ്ണജല പ്രവാഹങ്ങൾ ഉഷ്ണ ജലത്തെ തണുപ്പുള്ള പ്രദേശങ്ങളിലേക്ക് എത്തിക്കുന്നു
- ഉഷ്ണജല പ്രവാഹങ്ങൾ താഴ്ന്ന അക്ഷാംശങ്ങളിലെയും മധ്യ അക്ഷാംശങ്ങളിലെയും വൻകരകളുടെ കിഴക്കൻ തീര പ്രദേശങ്ങളിൽ കാണപ്പെടുന്നു.
- കൂടാതെ, ഉത്തരാർദ്ധ ഗോളത്തിൽ ഉയർന്ന അക്ഷാംശങ്ങളിലെ വൻകരകളുടെ പടിഞ്ഞാറൻ തീരങ്ങളിലും കാണപ്പെടുന്നു

HSSLIVE.IN ®

**AKJ HSST Jr GEOGRAPHY SVHSS PALEMAD**




ചിത്രം 14.3: പസഫിക്, അറ്റ്ലാന്റിക്, ഇന്ത്യൻ മഹാസമുദ്രങ്ങളിലെ പ്രധാന ജലപ്രവാഹങ്ങൾ

 Downloaded from www.Hsslive.in ®

## I. പസഫിക് സമുദ്രത്തിലെ സമുദ്രജല പ്രവാഹങ്ങൾ

| | |
|---|---|
| കുറോഷ്യോ പ്രവാഹം | ഉഷ്ണജല പ്രവാഹം |
| അലാസ്കൻ പ്രവാഹം | ഉഷ്ണജല പ്രവാഹം |
| ഉത്തര പസഫിക് പ്രവാഹം | ഉഷ്ണജല പ്രവാഹം |
| ഒയാഷ്യോ പ്രവാഹം | ശീതജല പ്രവാഹം |
| കാലിഫോർണിയ പ്രവാഹം | ശീതജല പ്രവാഹം |
| ഹംബോൾട്ട് പ്രവാഹം | ശീതജല പ്രവാഹം |

## II. അറ്റ്ലാന്റിക് സമുദ്രത്തിലെ സമുദ്രജല പ്രവാഹങ്ങൾ

| | |
|---|---|
| ഗൾഫ് സ്ട്രീം | ഉഷ്ണജല പ്രവാഹം |
| ഉത്തര അറ്റ്ലാന്റിക് പ്രവാഹം | ഉഷ്ണജല പ്രവാഹം |
| ബ്രസീലിയൻ പ്രവാഹം | ഉഷ്ണജല പ്രവാഹം |
| ലാബ്രഡോർ പ്രവാഹം | ശീതജല പ്രവാഹം |
| കാനറി പ്രവാഹം | ശീതജല പ്രവാഹം |
| ഫാൽക്ലാൻഡ് പ്രവാഹം | ശീതജല പ്രവാഹം |
| ബെനഗ്വേല പ്രവാഹം | ശീതജല പ്രവാഹം |

## III. ഇന്ത്യൻ മഹാസമുദ്രത്തിലെ സമുദ്രജല പ്രവാഹങ്ങൾ

| | |
|---|---|
| മൺസൂൺ പ്രവാഹം | ഉഷ്ണജല പ്രവാഹം |
| അഗുൽഹാസ് പ്രവാഹം | ഉഷ്ണജല പ്രവാഹം |
| പശ്ചിമ ഓസ്ട്രേലിയൻ പ്രവാഹം | ശീതജല പ്രവാഹം |

MGS HSSLIVE.IN

### സമുദ്രജല പ്രവാഹങ്ങളുടെ ഫലങ്ങൾ

- ഉഷ്ണ - ശീതജല പ്രവാഹങ്ങൾ കൂടിച്ചേരുന്ന സമുദ്രജലം ഓക്സിജൻ സമൃദ്ധമായതിനാൽ ഇത് പ്ലവക വളർച്ചക്ക് അനുകൂല സാഹചര്യമാകുന്നു. പ്ലവകങ്ങൾ മത്സ്യങ്ങൾക്ക് ആഹാരം ആയതിനാൽ ഈ പ്രദേശങ്ങൾ മത്സ്യസമ്പത്തുള്ള ഇടങ്ങളായി മാറുന്നു
- മൂടൽമഞ്ഞ് രൂപപ്പെടുന്നു
- വ്യത്യസ്ത തരം സമുദ്രകലാവസ്ഥകൾ സൃഷ്ടിക്കുന്നു
- ആഗോള കാലാവസ്ഥയെ നിയന്ത്രിക്കുന്നു
- ഉഷ്ണജലത്തെ ധ്രുവപ്രദേശങ്ങളിലും ശീതജലത്തെ ഉഷ്ണമേഖലപ്രദേശങ്ങളിലും എത്തിക്കുന്നു

## ➢ വേലികൾ

- **മുഖ്യമായും സൂര്യന്റെയും ചന്ദ്രന്റെയും ആകർഷണഫലമായി ദിവസേന കടൽനിരപ്പ് ഒന്നോ രണ്ടോ തവണ കാലികമായി ഉയരുകയും താഴുകയും ചെയ്യുന്നതാണ് വേലികൾ**
- കാലാവസ്ഥാനിയന്ത്രിതമായി (കാറ്റുകളും അന്തരീക്ഷ മർദ്ദത്തിലെ വ്യത്യാസങ്ങളും) ഉണ്ടാകുന്ന സമുദ്രജല ചലനങ്ങളെ **സർജസ്** എന്നാണ് വിളിക്കുന്നത്

 Downloaded from www.Hsslive.in ®

**<u>വേലികളുടെ രൂപീകരണം</u>**

- **ചന്ദ്രന്റെയും** ഒരളവ് വരെ **സൂര്യന്റെയും ഗുരുത്വാകർഷണ ബലവും**, ഈ ഗുരുത്വാകർഷണ ബലങ്ങൾക്കെതിരെ **ഭൂമി പ്രയോഗിക്കുന്ന അപകേന്ദ്ര ബലവുമാണ്** വേലികൾക്ക് കാരണമാകുന്ന **പ്രധാന ബലങ്ങൾ**
- ഗുരുത്വാകർഷണ ബലവും അപകേന്ദ്ര ബലവും മൂലം **ഭൂമിയിൽ ഒരേ സമയം രണ്ടിടങ്ങളിൽ വേലിയേറ്റം ഉണ്ടാകുന്നു.** അതായത്, **ചന്ദ്രന് അഭിമുഖമായ ഭൂമിയുടെ ഭാഗത്ത് ഗുരുത്വാകർഷണ ബലത്താലും, വിപരീത വശത്ത് അപകേന്ദ്ര ബലത്താലും** വേലിയേറ്റങ്ങൾ ഉണ്ടാകുന്നു.



ചിത്രം 14.1: ഗുരുത്വാകർഷണബലവും അപകേന്ദ്രബലവും

- ദ്വീപുകൾക്കിടയിലൂടെയോ ഉൾക്കടലുകളിലേക്കോ അഴിമുഖങ്ങളിലേക്കോ വേലിയേറ്റ ജലം ഒഴുകുന്നതിനെ **വേലിയേറ്റ പ്രവാഹങ്ങൾ (tidal currents)** എന്ന് വിളിക്കുന്നു.
- **കാനഡയിലെ** നോവ സ്കോട്ടിയയിലുള്ള **ഫണ്ടി ഉൾക്കടലിലാണ് ലോകത്തിലെ ഏറ്റവും ഉയരമുള്ള വേലിയേറ്റങ്ങൾ ഉണ്ടാകുന്നത്**

**<u>വിവിധ തരം വേലിയേറ്റങ്ങൾ</u>**

➔ **I. ആവർത്തനതയെ / ആവൃത്തി അടിസ്ഥാനമാക്കി വേലികളെ രണ്ടായി തരം തിരിക്കാം**

**1 . അർദ്ധദൈനിക വേലികൾ**

- പ്രതിദിനം രണ്ട് വീതം വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും.
- സാധാരണയായി കണ്ട് വരുന്നത്
- തുടർച്ചയായ വേലിയേറ്റ വേലിയിറക്കങ്ങൾക്ക് ഏതാണ്ട് ഒരേ ഉയരമായിരിക്കും

**2 . ദൈനിക വേലികൾ**

- പ്രതിദിനം ഒരു വേലിയേറ്റവും ഒരു വേലിയിറക്കവും മാത്രം ഉണ്ടാകുന്നു
- തുടർച്ചയായ വേലിയേറ്റ വേലിയിറക്കങ്ങൾക്ക് ഏതാണ്ട് ഒരേ ഉയരമായിരിക്കും

**3 .മിശ്ര വേലികൾ**

- ഉയരത്തിൽ വ്യതിയാനങ്ങളുള്ള വേലികളാണ് മിശ്ര വേലികൾ

- വടക്കേ അമേരിക്കയുടെ പടിഞ്ഞാറൻ തീരത്തും പസഫിക് സമുദ്രത്തിലെ പല ദ്വീപുകളിലും ഉണ്ടാകുന്ന വേലിയേറ്റങ്ങൾ മിശ്ര വേലികളാണ്

 Downloaded from www.Hsslive.in ®

➔ **II. സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവയുടെ സ്ഥാനം അടിസ്ഥാനമാക്കി വേലികളെ രണ്ടായി തരം തിരിക്കാം**

**1 . വാവുവേലികൾ**

- സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെയും സ്ഥാനം നേർരേഖയിലാകുമ്പോൾ ഉണ്ടാകുന്ന
- മാസത്തിൽ രണ്ട് തവണ വാവുവേലികൾ ഉണ്ടാകുന്ന (പൗർണ്ണമിയിലും അമാവാസിയിലും)
- വേലിയേറ്റങ്ങളുടെ ഉയരം വളരെ കൂടുതൽ
- ശക്തിയേറിയ വേലിയേറ്റം

**2 . സപ്തമി വേലികൾ**

- ഭൂമിക്കാപേക്ഷികമായി സൂര്യന്റെയും ചന്ദ്രന്റെയും സ്ഥാനം മട്ടകോണിലാകുമ്പോളാണ് (90°)സപ്തമി വേലികൾ ഉണ്ടാകുന്നത്
- സൂര്യന്റെയും ചന്ദ്രന്റെയും ഭൂമിയുടെയും സ്ഥാനം മട്ടകോണിലാകുമ്പോൾ സൂര്യന്റെയും ചന്ദ്രന്റെയും ബലങ്ങൾ ഒന്നിനൊന്ന് എതിരായി പ്രവർത്തിക്കുകയും സൂര്യന്റെ ഗുരുത്വാകർഷണം ചെലുത്തുന്ന എതിർബലം മൂലം ചന്ദ്രൻ സൃഷ്ടിക്കുന്ന വേലിയേറ്റങ്ങൾ ദുർബലമാക്കപ്പെടുകയും ചെയ്യുന്ന
- വാവുവേലികൾക്കും സപ്തമി വേലികൾക്കും ഇടയിൽ പൊതുവെ ഏഴ് ദിവസത്തിന്റെ ഇടവേള ഉണ്ടായിരിക്കും
- വേലിയേറ്റങ്ങളുടെ ഉയരം താരതമ്യേന കുറവായിരിക്കും
- പൊതുവെ ശക്തി കുറഞ്ഞ വേലിയേറ്റങ്ങൾ




**AKJ HSST Jr GEOGRAPHY SVHSS PALEMAD**

✔ **<u>പെരിജി</u> - ചന്ദ്രന്റെ ഭ്രമണ പഥം ഭൂമിയോട് ഏറ്റവും അടുത്തെത്തുന്നത്.**

- സാധാരണയിൽ നിന്നും വ്യത്യസ്തമായി ഈ സമയത്ത് വേലിയേറ്റ - വേലിയിറക്കങ്ങൾ കൂടുതൽ ശക്തമാണ് .
- വേലിയേറ്റ - വേലിയിറക്ക നിരപ്പുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്ന

✔ **<u>അപ്പോജി</u> - ചന്ദ്രന്റെ ഭ്രമണ പഥം ഭൂമിയോട് ഏറ്റവും അകലെയാകുന്നത്**

- വേലിയേറ്റ - വേലിയിറക്ക നിരപ്പുകൾ തമ്മിലുള്ള അന്തരം കുറയുന്ന

 Downloaded from www.Hsslive.in ®

- **<u>പെരിഹീലിയൻ</u> - ഭൂമിയുടെ സ്ഥാനം സൂര്യനോട് ഏറ്റവും അടുത്താകുന്ന ദിവസം (ജനവരി 3 )**
  - ഈ ദിവസങ്ങളിൽ സാധാരണയിൽ നിന്നും വ്യത്യസ്തമായി വേലിയേറ്റങ്ങൾ കൂടുതൽ ഉയരത്തിലും വേലിയിറക്കങ്ങൾ കൂടുതൽ താഴ്ച്ചയിലും ഉണ്ടാകുന്നതുകൊണ്ട് അവ തമ്മിലുള്ള അന്തരം വളരെ കൂടുതലായിരിക്കും
- **<u>അപ്ഹീലിയൻ</u> - ഭൂമിയുടെ സ്ഥാനം സൂര്യനോട് ഏറ്റവും അകലെയാകുന്ന ദിവസം (ജൂലൈ 4 )**
  - ഈ ദിവസങ്ങളിൽ വേലിയേറ്റ - വേലിയിറക്കങ്ങൾ തമ്മിലുള്ള അന്തരം ഏറ്റവും കുറവായിരിക്കും

- **<u>എബ്ബ്</u>** - ഒരു വേലിയേറ്റത്തിൽ നിന്നും വേലിയിറക്കത്തിലേക്ക് ജലനിരപ്പ് താഴുന്ന കാലയളവ്
- **<u>ഫ്ലോ / ഫ്ളെഡ്</u>** - ഒരു വേലിയിറക്കത്തിൽ നിന്നും വേലിയേറ്റത്തിലേക്ക് ജലനിരപ്പ് ഉയരുന്ന കാലയളവ്

**<u>വേലികളുടെ പ്രാധാന്യം</u>**

- നാവികർക്കും മൽസ്യ ബന്ധന തൊഴിലാളികൾക്കും അവരുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായകരമാണ്
- സമുദ്ര സഞ്ചാരത്തിന് വളരെയധികം പ്രാധാന്യമുള്ളവയാണ്
- അഴിമുഖങ്ങളിൽ നിന്നും അവസാദങ്ങളും മലിന ജലവും നീക്കം ചെയ്യുന്നതിന് വേലികൾ സഹായകരമാണ്
- വൈദ്യുതോല്പാദനത്തിനായി വേലികളെ പ്രയോജനപ്പെടുത്തുന്നു

X ------------------------------------------------------------------------------ X

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

Downloaded from www.Hsslive.in ®

# പാർട്ട് II

# ഇന്ത്യ ഭൗതികപരിസ്ഥിതി

 Downloaded from www.Hsslive.in ®

# <u>പാർട്ട് 2 - ചാപ്റ്റർ 1</u>
# <u>ഇന്ത്യ – സ്ഥാനം</u>

- ഇന്ത്യയുടെ പ്രധാന കരഭാഗം **വടക്ക് കാശ്മീർ** മുതൽ **തെക്ക് കന്യാകുമാരി** വരെയും **കിഴക്ക് അരുണാചൽ പ്രദേശ്** മുതൽ **പടിഞ്ഞാറ് ഗുജറാത്ത്** വരെയും വ്യാപിച്ച് കിടക്കുന്നു
- **ഇന്ത്യയുടെ ആകെ വിസ്തീർണ്ണം** - 32,87,263 ചതുരശ്ര കി.മീ. / 3.28 ദശലക്ഷം ചതുരശ്ര കി.മീ **(ആകെ ലോകവിസ്തൃതിയുടെ 2.4 %)**
- **ഇന്ത്യയുടെ അക്ഷാംശീയ വ്യാപ്തി** - 8 °4' N to 37 °6' N
- **ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി** -68° 7' E to 97° 25' E
- **ഇന്ത്യയുടെ തെക്കേയറ്റം** - ഇന്ദിര പോയിന്റ് (ഗ്രേറ്റ് നിക്കോബാർ ദ്വീപ് )
- **<u>ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റം</u>** - കന്യാകുമാരി
- **ഇന്ത്യയുടെ തെക്ക് - വടക്ക് ദൂരം** - 3214 കി.മീ .
- **ഇന്ത്യയുടെ കിഴക്ക് - പടിഞ്ഞാറ് ദൂരം** - 2933 കി. മീ.
- **തീരത്തുനിന്നും കടലിലേക്ക് വ്യാപിച്ച് കിടക്കുന്ന ഇന്ത്യയുടെ രാജ്യാതിർത്തി** - 12 നോട്ടിക്കൽ മൈൽ (21.9 km)
- **രണ്ട് സമീപസ്ഥ അക്ഷാംശങ്ങൾ തമ്മിലുള്ള അകലം** - 111 കി. മീ.
- **അക്ഷാംശ - രേഖാംശങ്ങളുടെ ഉപയോഗം** - സ്ഥലങ്ങളുടെ സ്ഥാനം നിർണയിക്കാൻ
- **രേഖാംശങ്ങളുടെ ഉപയോഗം** - സമയം കണക്കാക്കാൻ
- **<u>ഇന്ത്യയുടെ മാനകരേഖാംശം</u>** - 82° 30' കിഴക്ക്

---

- **ജയ്സാൽമറിനെ അപേക്ഷിച്ച് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ സൂര്യൻ നേരത്തെ ഉദിക്കുമെങ്കിലും, ദിബ്രുഗഢിലെയും ഇൻഫാലിലെയും ജെയ്സൽമാറിലെയും സമയം ഒരേപോലെയാണ്.**
  - ഇന്ത്യയിൽ കൂടി കടന്നുപോകുന്ന ആകെ രേഖാംശങ്ങളുടെ എണ്ണം - 30
  - ഗ്രീനിച്ച് രേഖാംശത്തിന് (0°)കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശം കടക്കുമ്പോഴും 4 മിനിറ്റ് വെച്ച് സമയം കൂടുന്നു
  - **ഇന്ത്യയുടെ കിഴക്കേ അറ്റവും പടിഞ്ഞാറേ അറ്റവും** തമ്മിലുള്ള രേഖാംശ വ്യത്യാസം - ഏകദേശം 30°

    അതുകൊണ്ട് ഈ രണ്ട് പ്രദേശങ്ങൾ **തമ്മിലുള്ള സമയ വ്യത്യാസം** ; 30x4 = 120 മിനിറ്റ്

    അതായത് ; 120/ 60 = **<u>2 മണിക്കൂർ</u>**

---

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

- **ഇന്ത്യയുടെ മാനക സമയം ഗ്രീനിച്ച് മാനക സമയത്തേക്കാൾ 5 മണിക്കൂറും 30 മിനുട്ടും മുന്നിലാണ്**
  - **ഇന്ത്യയുടെ മാനക രേഖാംശം - 82° 30' കിഴക്ക്**
  - ഗ്രീനിച്ച് മെറിഡിയൻ - 0°രേഖാംശം
  - ഗ്രീനിച്ച് രേഖാംശത്തിന് (0°)കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശം കടക്കുമ്പോഴും 4 മിനിറ്റ് വെച്ച് സമയം കൂടുന്നു
  - ഗ്രീനിച്ച് മെറിഡിയനും ഇന്ത്യയുടെ മാനക രേഖാംശവും തമ്മിലുള്ള വ്യത്യാസം - 82° 30 മിനിറ്റ്

    അതുകൊണ്ട്; 82 x 4= 328 മിനിറ്റ് ; 328+ 2 = 330 മിനിറ്റ്

    അതായത് ; 330/ 60 = **<u>5 മണിക്കൂർ 30 മിനിറ്റ്</u>**

 Downloaded from www.Hsslive.in ®

- **ഇന്ത്യയെ ഏകദേശം രണ്ട് പകുതികളാക്കി വിഭജിക്കുന്ന പ്രധാന അക്ഷാംശ രേഖ / ഇന്ത്യയിൽ കൂടി കടന്നു പോകുന്ന പ്രധാന അക്ഷാംശ രേഖ** - ഉത്തരായന രേഖ (23° 30' വടക്ക്)
- **ഉത്തരായന രേഖ (23° 30' വടക്ക്)കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ** - ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തിസ്ഗഡ്, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ത്രിപുര, മിസോറാം
- **ഇന്ത്യയുടെ മാനക രേഖാംശം (82° 30' കിഴക്ക് )കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ** - ഉത്തർ പ്രദേശ്, മധ്യ പ്രദേശ്, ഛത്തിസ്ഗഡ്, ഒഡീഷ, ആന്ധ്ര പ്രദേശ്
- **ഇന്ത്യൻ ഉപദ്വീപിന്റെ ആകെ തീരപ്രദേശം** - 6100 കി .മീ .
- **ഇന്ത്യയുടെ ദ്വീപസമൂഹങ്ങൾ കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ തീരദേശ ദൈർഘ്യം** - 7517 കി .മീ .

**<u>ഇന്ത്യയുടെ തീരദേശസംസ്ഥാനങ്ങൾ</u>**

1. ഗുജറാത്ത്
2. മഹാരാഷ്ട്ര
3. ഗോവ
4. കർണാടക
5. കേരള
6. തമിഴ് നാട്
7. ആന്ധ്ര പ്രദേശ്
8. ഒഡീഷ
9. പശ്ചിമ ബംഗാൾ

- **ഇന്ത്യയുമായി കരാതിർത്തി പങ്കിടുന്ന രാജ്യങ്ങൾ** - പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ചൈന, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, മ്യാന്മാർ
- **ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയുടെ അയൽരാജ്യങ്ങളായ ദ്വീപ് രാഷ്ട്രങ്ങൾ** - ശ്രീലങ്ക, മാലി ദ്വീപ്
- **ഇന്ത്യയിൽ നിന്നും ശ്രീലങ്കയെ വേർതിരിക്കുന്നത് <u>ഗൾഫ് ഓഫ് മാന്നാറും പാക് കടലിടുക്കുമാണ്</u>**

## <u>ഉൾക്കടലും( gulf) കടലിടുക്കും( strait)</u>

- കടലുകളെയോ സമുദ്രങ്ങളെയോ തമ്മിൽ ബന്ധിപ്പിക്കുന്ന സ്വാഭാവികമായി രൂപംകൊണ്ട ഇടുങ്ങിയ കടൽഭാഗമാണ് കടലിടുക്ക് .ഉദാ :-പാക് കടലിടുക്ക്, ജിബ്രാൾട്ടർ കടലിടുക്ക്
- കരയിലേക്ക് കയറിക്കിടക്കുന്ന ഇടുങ്ങിയ കടൽ ഭാഗമാണ് ഉൾക്കടൽ . ഉദാ :- പേർഷ്യൻ ഗൾഫ്, ഗൾഫ് ഓഫ് കച്ച്

## <u>ഇന്ത്യ - ഒരു ഉപഭൂഖണ്ഡം എന്ന നിലയിൽ</u>

- ✔ ഏറെ ഭൗതിക വൈവിദ്ധ്യമുള്ള രാജ്യമാണ് ഇന്ത്യ
- ✔ വടക്ക് അത്യുന്നതമായ പർവതങ്ങൾ; ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി, കൃഷ്ണ, മഹാനദി തുടങ്ങിയ വൻനദികൾ ; വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെയും ദക്ഷിണേന്ത്യയിലെയും ഹരിതാഭമായ കുന്നിൻപുറങ്ങൾ; വിശാലമായ മരുസ്ഥലി എന്നിങ്ങനെ വിശാലമായ ഭൗതിക വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യ
- ✔ വടക്ക് ഹിമാലയ പർവതം; വടക്ക്- പടിഞ്ഞാറ് ഹിന്ദു കുഷ്, സുലൈമാൻ മലനിരകൾ; വടക്ക്-കിഴക്ക് പൂർവാചൽ മലനിരകൾ; തെക്ക് അതിവിശാലമായ ഇന്ത്യൻ മഹാസമുദ്രം എന്നിവയാൽ അതിരിട്ട് നിൽക്കുന്നതാണ് **<u>ഇന്ത്യൻ ഉപഭൂഖണ്ഡം (ഇന്ത്യൻ ഉപദ്വീപ്)</u>**
- ✔ **ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ** - പാക്കിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, ഇന്ത്യ
- ✔ **ഇന്ത്യയുമായി ഏറ്റവും കൂടുതൽ കരാതിർത്തി പങ്കിടുന്ന രാജ്യം** - ബംഗ്ലാദേശ്

 Downloaded from www.Hsslive.in ®

- **ഇന്ത്യയുടെ വടക്കേയറ്റത്തുള്ള ഭരണ നിർവഹണ പ്രദേശം** - ലഡാക്ക് (കേന്ദ്ര ഭരണ പ്രദേശം)
- **ഇന്ത്യയുടെ തെക്കേയറ്റത്തുള്ള സംസ്ഥാനം** - തമിഴ് നാട്
- **ഇന്ത്യയുടെ കിഴക്കേയറ്റത്തുള്ള സംസ്ഥാനം** - അരുണാചൽ പ്രദേശ്
- **ഇന്ത്യയുടെ പടിഞ്ഞാറേയറ്റത്തുള്ള സംസ്ഥാനം** - ഗുജറാത്ത്
- **ഏറ്റവും വലിയ സംസഥാനം** - രാജസ്ഥാൻ
- **ഏറ്റവും ചെറിയ സംസ്ഥാനം** - ഗോവ
- **ഇന്ത്യയുടെ ദ്വീപസമൂഹങ്ങൾ :-**

1 . **ലക്ഷദ്വീപ്(അറബി കടലിൽ - പവിഴ ദ്വീപസമൂഹം)**

2 . **ആൻഡമാൻ നിക്കോബാർ ദ്വീപുകൾ ( ബംഗാൾ ഉൾക്കടലിൽ - അഗ്നിപർവത ജന്യം)**

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

**ഇന്ത്യ - ഭരണ നിർവഹണ വിഭാഗങ്ങൾ**

| **Sl no.** | **സംസ്ഥാനം** | **തലസ്ഥാനം** |
|---|---|---|
| 1 | ആന്ധ്ര പ്രദേശ് | ഹൈദരാബാദ് |
| 2 | അരുണാചൽ പ്രദേശ് | ഇറ്റാനഗർ |
| 3 | ആസാം | ദിസ് പൂർ |
| 4 | ബീഹാർ | പട്ന |
| 5 | ഛത്തീസ്ഗഡ് | റായ്പൂർ |
| 6 | ഗോവ | പനാജി |
| 7 | ഗുജറാത്ത് | ഗാന്ധിനഗർ |
| 8 | ഹരിയാന | ചണ്ഡീഗഡ് |
| 9 | ഹിമാചൽ പ്രദേശ് | ഷിംല |
| 10 | ജാർഖണ്ഡ് | റാഞ്ചി |
| 11 | കർണാടക | ബാംഗ്ലൂർ |
| 12 | കേരളം | തിരുവനന്തപുരം |
| 13 | മധ്യപ്രദേശ് | ഭോപാൽ |
| 14 | മഹാരാഷ്ട്ര | മുംബൈ |
| 15 | മണിപ്പൂർ | ഇൻഫാൽ |
| 16 | മേഘാലയ | ഷില്ലോങ് |
| 17 | മിസോറാം | ഐസ്വാൾ |
| 18 | നാഗാലാൻഡ് | കൊഹിമ |
| 19 | ഒഡീഷ | ഭുവനേശ്വർ |
| 20 | പഞ്ചാബ് | ചണ്ഡീഗഡ് |
| 21 | രാജസ്ഥാൻ | ജയ്പൂർ |
| 22 | സിക്കിം | ഗാങ്ടോക്ക് |
| 23 | തമിഴ് നാട് | ചെന്നൈ |

Downloaded from www.Hsslive.in ®

| | | |
|---|---|---|
| 24 | തെലുങ്കാന | ഹൈദരാബാദ് |
| 25 | ത്രിപുര | അഗർത്തല |
| 26 | ഉത്തർ പ്രദേശ് | ലക്നൗ |
| 27 | ഉത്തരാഖണ്ഡ് | ഡെറാഡൂൺ |
| 28 | പശ്ചിമ ബംഗാൾ | കൊൽക്കത്ത |



Downloaded from www.Hsslive.in ®

| Sl no. | കേന്ദ്ര ഭരണപ്രദേശം | തലസ്ഥാനം |
|---|---|---|
| 1 | ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ | പോർട്ട് ബ്ലയർ |
| 2 | ചണ്ഡീഗഢ് | ചണ്ഡീഗഢ് |
| 3 | ദാദ്ര - നാഗർ ഹവേലി ; ദാമൻ-ഡിയു | ദാമൻ |
| 4 | ജമ്മു കാശ്മീർ | ശ്രീനഗർ (വേനൽകാലത്ത്)<br>ജമ്മു (ശൈത്യ കാലത്ത്) |
| 5 | ലഡാക്ക് | ലെ (വേനൽകാലത്ത്)<br>കാർഗിൽ (ശൈത്യ കാലത്ത്) |
| 6 | ഡൽഹി | ന്യൂഡൽഹി |
| 7 | ലക്ഷദ്വീപ് | കവരത്തി |
| 8 | പുതുച്ചേരി | പുതുച്ചേരി |

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

**X -------------------------------------------------------------------- X**

Downloaded from www.Hsslive.in ®

# പാർട്ട് 2 - ചാപ്റ്റർ 2
# ഘടനയും ഭൂപ്രകൃതിയും

## ഘടന

- ➔ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇന്ന് കാണപ്പെടുന്ന രീതിയിലുള്ള ഭൗമ ഘടനയും (ഭൂവിജ്ഞാനീയ ഘടന) ഭൂരൂപീകരണ പ്രക്രിയകളും രൂപപ്പെട്ടത് പ്രധാനമായും **അന്തർജന്യവും ബാഹ്യജന്യവുമായ ഭൗമപ്രക്രിയകളുടെയും, ഫലകങ്ങളുടെ പാർശ്വചലനങ്ങളുടെയും പരസ്പര പ്രവർത്തനത്തിലൂടെയാണ്.**

- ➔ ഭൗമ ഘടനയുടെയും ഭൂരൂപരൂപവൽകരണ പ്രക്രിയകളുടെയും (ഭൂവിജ്ഞാനീയ ഘടനയുടെയും രൂപീകരണത്തിന്റെയും) അടിസ്ഥാനത്തിൽ ഇന്ത്യയെ **മൂന്ന് ഭൗമ വിഭാഗങ്ങളായി** തരം തിരിക്കാം

  1 . **ഉപദ്വീപീയഖണ്ഡം**
  2 . **ഹിമാലയവും മറ്റ് ഉപദ്വീപിയൻ പർവ്വതങ്ങളും**
  3 . **സിന്ധു - ഗംഗ - ബ്രഹ്മപുത്ര സമതലം**

### 1 . ഉപദ്വീപീയഖണ്ഡം

- ➢ ഇൻഡോ - ഓസ്ട്രേലിയൻ ഫലകത്തിന്റെ ഭാഗം
- ➢ ഉപദ്വീപീയഖണ്ഡത്തിന്റെ **വടക്കൻ അതിര്** ആരവല്ലി പർവതത്തിന്റെ വടക്കേ അറ്റമായ കച്ച് മുതൽ യമുന, ഗംഗ നദികൾക്ക് ഏതാണ്ട് സമാന്തരമായി രാജ്മഹാൽ കുന്നുവരേയും ഗംഗാ ഡെൽറ്റ വരേയും ക്രമരഹിതമായി കാണപ്പെടുന്നു.
- ➢ **പടിഞ്ഞാറ്** രാജസ്ഥാനം **വടക്ക് - കിഴക്ക്** മേഘാലയ പീഠഭൂമിയും കർബി ആങ്ലോങ് പീഠഭൂമിയും ഉപദ്വീപീയഖണ്ഡത്തിന്റെ തുടർച്ചയാണ്
- ➢ വടക്ക്- കിഴക്കൻ ഭാഗത്തെ പശ്ചിമ ബംഗാളിലെ മാൾഡ ഭ്രംശതടം ഛോട്ടാ നാഗ്പൂർ പീഠഭൂമിയിൽ നിന്നും വേർതിരിക്കുന്നു
- ➢ വളരെ പഴക്കമുള്ള **ഗ്രാനൈറ്റും നൈസും ചേർന്നാണ് പ്രധാനമായും രൂപപ്പെട്ടിരിക്കുന്നത്**
- ➢ കാംബ്രിയൻ കാലഘട്ടം മുതൽ തന്നെ ഉപദ്വീപ് ഒരു ദൃഢമായ ശിലാഖണ്ഡമായി നിലനിന്നു പോരുന്നു.
- ➢ വിവിധ ലംബതല ചലനങ്ങൾക്കും ശിലാഖണ്ഡ ഭ്രംശത്തിനും ഈ ഭൂഭാഗം വിധേയമായി (സത്പുരാ ഖണ്ഡ പർവ്വതത്തിന്റെയും ;നർമദ, മഹാനദി, താപ്തി എന്നീ നദികളുടെ ഭ്രംശ താഴ്വരകളുടെയും രൂപീകരണം)
- ➢ പ്രധാനമായും അവശിഷ്ട പർവ്വതങ്ങളാണ് കാണപ്പെടുന്നത് (ഉദാ :- ആരവല്ലി കുന്നുകൾ, നല്ലമല കുന്നുകൾ, പൽകൊണ്ട നിര, മഹേന്ദ്രഗിരി കുന്നുകൾ)

### 2 . ഹിമാലയവും മറ്റ് ഉപദ്വീപിയൻ പർവ്വതങ്ങളും

- ഭൗമ ഘടനയിൽ വളരെ **പുതിയവയും** താരതമ്യേന **പ്രായം കുറഞ്ഞതും കാഠിന്യം കുറഞ്ഞവയും മാറ്റങ്ങൾക്ക് വിധേയവുമാണ്**
- അവ ഇപ്പോളും **അന്തർജന്യ - ബാഹ്യജന്യ ബലങ്ങൾക്ക് വിധേയമാവുകയും ഭ്രംശം, വലനം, സമ്മർദതലം** എന്നിവയുടെ രൂപീകരണത്തിന് കാരണമാകുകയും ചെയ്യുന്നു
- ഇവ ടെക്ടോണിക ജന്യമാണ്
- യുവത്വ ഘട്ടത്തിലുള്ളതും ദ്രുത ഗതിയിലൊഴുകുന്നതുമായ നദികൾ ഈ പർവ്വതങ്ങളെ മുറിച്ച് ഒഴുകുന്നു
- ഗിരികന്ദരങ്ങൾ, "V" രൂപ താഴ്വരകൾ, ചെറുവെള്ളച്ചാട്ടങ്ങൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയ ഭൂരൂപങ്ങൾ ഈ ഭൂവിഭാഗത്തിൽ കാണപ്പെടുന്നു

 Downloaded from www.Hsslive.in ®

**3 . സിന്ധു - ഗംഗ - ബ്രഹ്മപുത്ര സമതലം**

- ✗ സിന്ധു - ഗംഗ - ബ്രഹ്മപുത്ര നദികൾ രൂപപ്പെടുത്തിയ സമതലങ്ങൾ
- ✗ യഥാർത്ഥത്തിൽ ഇതൊരു ഭൂ അഭിനതിയാണ് (geo-synclinal depression)
- ✗ ഏകദേശം 64 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഹിമാലയ പർവ്വത രൂപീകരണത്തിന്റെ മൂന്നാമത്തെ ഘട്ടത്തിലാണ് ഇത് പൂർണ്ണ വികാസം പ്രാപിച്ചത്
- ✗ ആ കാലം മുതൽക്കേ തന്നെ ഹിമാലയൻ നദികളും ഉപദ്വീപീയൻ നദികളും വഹിച്ചുകൊണ്ട് വരുന്ന അവസാദങ്ങൾ സാവധാനം ഇതിൽ നിറയാൻ തുടങ്ങി
- ✗ ഈ സമതലങ്ങളിലെ അവസാദ നിക്ഷേപങ്ങളുടെ കനം 1000 മുതൽ 2000 മീറ്റർ വരെയാണ്

## ഭൂപ്രകൃതി

- ➔ ഘടന, ഭൗമ പ്രക്രിയകൾ, പരിണാമഘട്ടങ്ങൾ എന്നിവയുടെ അന്തിമഫലമാണ് ഒരു പ്രദേശത്തിന്റെ **ഭൂപ്രകൃതി**
- ➔ ഭൗതിക ഘടകങ്ങളിലുള്ള വൈവിധ്യമാണ് ഇന്ത്യൻ ഭൂപ്രദേശത്തിന്റെ സവിശേഷത
- ➔ **ഭൗതിക സവിശേഷതകളിലെ സ്ഥൂല വ്യത്യാസങ്ങളുടെ** അടിസ്ഥാനത്തിൽ ഇന്ത്യയെ താഴെ കൊടുക്കുന്ന **ആറ് ഭൂപ്രകൃതി വിഭാഗങ്ങളായി** തരം തിരിക്കാം

**1 . വടക്ക് , വടക്ക് - കിഴക്കൻ പർവ്വതങ്ങൾ**
**2 . വടക്കൻ സമതലങ്ങൾ**
**3 . ഉപദ്വീപീയ പീഠഭൂമി**
**4 . ഇന്ത്യൻ മരുഭൂമി**
**5 . തീരസമതലങ്ങൾ**
**6 . ദ്വീപുകൾ**




## 1 . വടക്ക് , വടക്ക് - കിഴക്കൻ പർവ്വതങ്ങൾ

- ➔ **ഹിമാലയ പർവ്വതവും വടക്ക്- കിഴക്കൻ കുന്നുകളുമാണ്** വടക്ക്, വടക്ക് - കിഴക്കൻ പർവ്വതങ്ങളിൽ ഉൾപ്പെടുന്നത്
- ➔ ഹിമാലയ പർവ്വതനിരക്ക് **കിഴക്ക് നിന്നും പടിഞ്ഞാറോട്ട് ഏകദേശം 2500 കി.മി. ആണ് നീളം**
- ➔ വടക്ക് നിന്നും തെക്കോട്ട് **160 മുതൽ 400 കി.മി. വരെ വീതിയുണ്ട്**
- ➔ സമാന്തരമായ പർവ്വതനിരകളുടെ നിരയാണ് ഹിമാലയത്തിലുള്ളത് .

അവയാണ് :-




**a)** **ഗ്രേറ്റർ ഹിമാലയം** / **ഹിമാദ്രി** (ഗ്രേറ്റ് ഹിമാലയം + ട്രാൻസ് ഹിമാലയം)
**b)** **ലെസ്സർ ഹിമാലയം** / **മധ്യ ഹിമാലയം** / **ഹിമാചൽ**
**c)** **ഔട്ടർ ഹിമാലയം** / **ഷിവാലിക്**

 Downloaded from www.Hsslive.in ®

**ഹിമാലയത്തിന്റെ പ്രാധാന്യം**

- ഇന്ത്യൻ ഉപഭൂഖണ്ഡത്തിനും മധ്യ കിഴക്കനേഷ്യൻ രാജ്യങ്ങൾക്കുമിടയിൽ ഹിമാലയം ശക്തമായ നീണ്ട മതിൽ പോലെ നിലകൊള്ളുന്നു
- കാലാവസ്ഥാപരവും നീരൊഴുക്കപരവും സാംസ്കാരികവുമായ ഒരു അതിർത്തി കൂടിയാണ് ഹിമാലയം
- ഹിമാലയത്തിൽ തന്നെ വലിയ തോതിൽ പ്രാദേശിക വ്യത്യാസങ്ങളുണ്ട്

➔ **ഭൂപ്രകൃതി, പർവ്വതങ്ങളുടെ ക്രമീകരണം, ഭൂരൂപങ്ങൾ എന്നിവയുടെ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ ഹിമാലയത്തെ താഴെ പറയുന്ന 5 ഉപവിഭാഗങ്ങളായി തരം തിരിക്കാം**

(1) **കാശ്മീർ ഹിമാലയം / വടക്ക് പടിഞ്ഞാറൻ ഹിമാലയം**
**(2) ഹിമാചൽ - ഉത്തരാഖണ്ഡ് ഹിമാലയം**
**(3) ഡാർജിലിംഗ് - സിക്കിം ഹിമാലയം**
**(4) അരുണാചൽ ഹിമാലയം**
**(5) കിഴക്കൻ കുന്നുകളും പർവ്വതങ്ങളും**




## (1) കാശ്മീർ ഹിമാലയം / വടക്ക് പടിഞ്ഞാറൻ ഹിമാലയം

➔ **കാരക്കോറം, ലഡാക്ക്, സസ്ക്കർ, പിർപാഞ്ചൽ** എന്നീ പർവ്വതനിരകൾ ഇതിൽ ഉൾപ്പെടുന്നു

➔ ലോകപ്രശസ്തമായ **കാശ്മീർ താഴ്വരയും ദാൽ തടാകവും** ഇവിടെ സ്ഥിതി ചെയ്യുന്നു

➔ ദക്ഷിണേഷ്യയിലെ പ്രധാന **ഹിമാനികളായ സിയാച്ചിൻ, ബോൽതാരോ** എന്നിവ ഇവിടെ സ്ഥിതി ചെയ്യുന്നു

➔ **കരേവാ മണ്ണിനും** കാണപ്പെടുന്നു

HSSLIVE.IN®

**കരേവാ**

**ഹിമാനി നിക്ഷേപണ ഭൂരൂപമായ മൊറൈനുകളോടൊപ്പമുള്ള ഹിമാനി കളിമണ്ണും മറ്റ് വസ്തുക്കളും ചേർന്ന് രൂപപ്പെടുന്ന കനമേറിയ മണ്ണ് നിക്ഷേപം.കുങ്കുമ പൂവ് കൃഷിക്ക് അനുയോജ്യമാണ് കരേവാ മണ്ണ്**

➔ ഈ പ്രദേശത്തെ പ്രധാന **ചുരങ്ങൾ - സോജിലാ, ബനിഹാൾ, ഫോട്ടുലാ, കാർഡുങ് ലാ**

➔ **ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൗണ്ട് കെ2** സ്ഥിതി ചെയ്യുന്നത് കാരക്കോറം നിരയിലാണ്

➔ **ശുദ്ധ ജല തടാകങ്ങൾ - ദാൽ, വൂളാർ**

➔ **ലവണ ജല തടാകങ്ങൾ - പാംഗോങ് സൊ, സൊ - മോരിരി**

➔ സിന്ധു നദിയും അതിന്റെ പോഷക നദികളായ ചെനാബ്, ത്സലം എന്നിവയുമാണ് കാശ്മീർ ഹിമാലയത്തിലെ പ്രധാന നദികൾ

➔ ദൃശ്യ മനോഹാരിതയാലും പ്രകൃതിസുന്ദരമായ ഭൂപ്രകൃതിയാലും അനുഗ്രഹീതമാണ്

➔ **പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ - വൈഷ്ണവോ ദേവി, അമർനാഥ് ഗുഹ, ചാരാർ -ഇ- ഷെരീഫ്**

➔ **ശ്രീനഗർ നഗരം ത്സലം നദിയുടെ** തീരത്താണ് സ്ഥിതി ചെയ്യുന്നത്

➔ ഈ പ്രദേശത്തിന്റെ ഏറ്റവും തെക്കുഭാഗത്ത് **ഡൂണുകൾ** എന്നറിയപ്പെടുന്ന **ദൈർഘ്യമേറിയ താഴ്വരകൾ / longitudinal duns** കാണപ്പെടുന്നു. ഉദാ :- ജമ്മു ഡൂൺ, പത്താൻകോട്ട് ഡൂൺ

 Downloaded from www.Hsslive.in ®

## (2) ഹിമാചൽ - ഉത്തരാഖണ്ഡ് ഹിമാലയം

- **പടിഞ്ഞാറ് രവി നദിക്കും കിഴക്ക് കാളി നദിക്കും ഇടയിലായാണ്** ഹിമാചൽ - ഉത്തരാഖണ്ഡ് ഹിമാലയം സ്ഥിതി ചെയ്യുന്നത്
- സിന്ധു, ഗംഗ എന്നീ രണ്ട് നദീവ്യൂഹങ്ങളാണ് ഈ പ്രദേശത്തെ പ്രധാന നീരൊഴുക്കുകൾ
- ഹിമാചൽ ഹിമാലയത്തിന്റെ **ഏറ്റവും വടക്ക് ഭാഗം ലഡാക്ക് ശീതമരുഭൂമിയുടെ തുടർച്ചയാണ്**
- വടക്ക് നിന്നും തെക്കോട്ട് ഗ്രേറ്റ് ഹിമാലയൻ നിര, ലെസ്സർ ഹിമാലയൻ നിര, സിവാലിക് നിര എന്നിങ്ങനെയുള്ള **ഹിമാലയത്തിന്റെ മൂന്ന് പ്രധാന പർവ്വതനിരകൾ ഈ വിഭാഗത്തിൽ വ്യക്തമായി കാണപ്പെടുന്നു**
- **പ്രധാന സുഖവാസ കേന്ദ്രങ്ങൾ** :- ധർമ്മശാല, മുസ്സോറി, ഷിംല, കൗസാനി
- ഈ പ്രദേശത്തിന്റെ **രണ്ട് ഭൂപ്രകൃതി സവിശേഷതകളാണ് സിവാലിക്കും ഡൂൺ സ്തരങ്ങളും**
- ഡെറാഡൂണിനടുത്ത് സിവാവല എന്ന സ്ഥലത്തും പരിസര പ്രദേശങ്ങളിലും കാണപ്പെടുന്ന ഭൗമ സ്തരങ്ങളിൽ നിന്നുമാണ് **സിവാലിക്** എന്ന പദം രൂപപ്പെട്ടത്
- **പ്രധാന ഡൂണുകൾ** :- ഡെറാഡൂൺ (ഏറ്റവും വലുത്), ഹരിക്കെ ഡൂൺ, കോട്ട ഡൂൺ
- താഴ്‌വാരങ്ങളിൽ മിക്കവാറും **ഭോട്ടിയ ഗോത്രവർഗക്കാരാണ്** അധിവസിക്കുന്നത്. ഇവർ വേനൽ മാസങ്ങളിൽ ബഗ്യാലുകളിലേക്കും ശൈത്യകാലത്ത് തിരികെ താഴ്‌വരയിലേക്കും ദേശാടനം നടത്തുന്നു
- പ്രസിദ്ധമായ "**പൂക്കളുടെ താഴ്‌വര**" ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്
- **തീർത്ഥാടന കേന്ദ്രങ്ങൾ** :- ഗംഗോത്രി, യമുനോത്രി, കേദാർനാഥ്, ബദരീനാഥ്, ഹേമകുണ്ഡ് സാഹിബ്
- ഈ പ്രദേശം പ്രസിദ്ധമായ **പഞ്ച പ്രയാഗങ്ങളുടെ(നദികളുടെ സംഗമ സ്ഥാനം)** പേരിലും അറിയപ്പെടുന്നു

## (3) ഡാർജിലിംഗ് - സിക്കിം ഹിമാലയം

- താരതമ്യേന **വിസ്തൃതി കുറഞ്ഞത്**
- **പടിഞ്ഞാറ് നേപ്പാൾ ഹിമാലയവും കിഴക്ക് ഭൂട്ടാൻ ഹിമാലയവും** അതിരിടുന്നു
- **ദ്രുത ഗതിയിലൊഴുകുന്ന നദികളാൽ അറിയപ്പെടുന്നു (ഉദാ :- ടീസ്റ്റ)**
- **ഇന്ത്യയിലെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടിയായ കാഞ്ചൻ ജംഗ** ഇവിടെ സ്ഥിതി ചെയ്യുന്നു
- ഈ പ്രദേശത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ "**ലാപ്ച്ച**" **ഗോത്രവർഗക്കാർ** അധിവസിക്കുന്നു
- ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ അനുകൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് **ബ്രിട്ടീഷുകാർ തേയില തോട്ടങ്ങൾ സ്ഥാപിച്ചു**
- **ദുവാർ സ്തരങ്ങൾ കാണപ്പെടുന്നു** (എക്കൽ പ്രളയസമതലം)

## (4) അരുണാചൽ ഹിമാലയം

- **ഭൂട്ടാൻ ഹിമാലയത്തിന്റെ കിഴക്ക് മുതൽ ,കിഴക്ക് ദിഫു ചുരം വരെ** വ്യാപിച്ച് കിടക്കുന്നു
- **പ്രധാന കൊടുമുടികൾ** - കങ്ക്ടു, നംചബർവ
- **നദികൾ** :- കമെങ്, സുബൻസിരി, ദിഹാങ്, ദിബാങ്, ലൂഹിത്
- **പ്രധാന ഗോത്ര വർഗങ്ങൾ** :- മോൻപ, ദഫ്‌ള, അബോർ, മിഷ്മി, നിഷി, നാഗൻമാർ
- മിക്ക ഗോത്ര സമൂഹങ്ങളും **ജൂമിങ് കൃഷി രീതി** പിന്തുടരുന്നു( വെട്ടി ചുട്ട് കൃഷി/ സ്ഥാനാന്തര കൃഷി)

## (5) കിഴക്കൻ കുന്നുകളും പർവ്വതങ്ങളും

- **വടക്ക് നിന്നും തെക്ക് ദിശയിലേക്കാണ്** ഇവ വിന്യസിക്കപ്പെട്ടിട്ടുള്ളത്
- ഇവ **വിവിധ പ്രാദേശിക പേരുകളിലാണ്** അറിയപ്പെടുന്നത്
- **വടക്ക് പട്കായ് ബം, നാഗാ കുന്നുകൾ, മണിപ്പൂർ കുന്നുകൾ** എന്നും; **തെക്ക് മിസോ അല്ലെങ്കിൽ ലുഷായ് കുന്നുകൾ** എന്നും അറിയപ്പെടുന്നു

 Downloaded from www.Hsslive.in ®

- ➔ **മണിപ്പൂരിലെയും മിസോറാമിലെയും** പ്രധാന **നദിയാണ് ബരക്**
- ➔ എല്ലാ ഭാഗവും മലകളാൽ ചുറ്റപ്പെട്ട വിശാലമായ **ലോക്തക് തടാകം** ഇവിടെ കാണപ്പെടുന്നു
- ➔ മിസ്സോറാം - **മോളാസ്സിസ് തടം (മൃദുവായതും ദൃഢീകരിക്കാത്തതുമായ നിക്ഷേപങ്ങളാൽ രൂപപ്പെട്ടത്)**

## 2. വടക്കൻ സമതലങ്ങൾ

- ◆ **സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ വഹിച്ചുകൊണ്ട് വരുന്ന അവസാദങ്ങൾ നിക്ഷേപിക്കപ്പെട്ട് രൂപം കൊണ്ടവയാണ് വടക്കൻ സമതലങ്ങൾ**
- ◆ **കിഴക്ക് നിന്നും പടിഞ്ഞാറ്** വരെ ഏകദേശം **3200 കി.മി.** വ്യാപിച്ചു കിടക്കുന്നു
- ◆ ശരാശരി **വീതി 150 മുതൽ 300 കി.മി.**വരെയാണ്
- ◆ **എക്കൽ നിക്ഷേപത്തിന്റെ** പരമാവധി **കനം 1000 മുതൽ 2000 മീറ്റർ** വരെയാണ്
- ◆ **വടക്കൻ സമതലത്തെ വടക്ക് നിന്നും തെക്കോട്ട്** മൂന്ന് പ്രധാന **മേഖലകളായി തരം തിരിക്കാം :-**
  - (1) ഭാബർ
  - (2) തറായ്
  - (3) എക്കൽ സമതലങ്ങൾ :- ഖാദർ ,ബംഗർ



| ഭാബർ | തറായ് |
|---|---|
| ■ **സിവാലിക് മലയടിവാരത്തിനു സമാന്തരമായി** ചരിവ് അവസാനിക്കുന്നിടത്തുനിന്നും ആരംഭിക്കുന്നു<br>■ **8 മുതൽ 10 കി.മി.** വരെ **വിസ്തൃതിയുള്ള ഇടുങ്ങിയ ഭൂഭാഗം**<br>■ പർവ്വതത്തിൽ നിന്നും വരുന്ന **നദികൾ ഭാരമേറിയ ഉരുളൻ പാറകളും കല്ലുകളും ഭാബറിൽ നിക്ഷേപിക്കുന്നു**<br>■ ഈ മേഖലയിൽ **നദികൾ അപ്രത്യക്ഷമാകുന്നു** | ■ **ഭാബാറിന് തെക്കായി** തറായ് മേഖല സ്ഥിതി ചെയ്യുന്നു<br>■ **10 മുതൽ 20 കി.മി. വരെ വീതി**<br>■ മിക്ക **അരുവികളും നദികളും കൃത്യമായ ചാലുകളിലല്ലാതെ** ഈ മേഖലയിൽ **പുനർജനിക്കുന്നു**<br>■ അതുകൊണ്ട് **തറായ് എന്നറിയപ്പെടുന്ന വെള്ളക്കെട്ടുള്ള ചതുപ്പുനിലങ്ങൾ** ഇവിടെ രൂപം കൊള്ളുന്നു<br>■ ഈ പ്രദേശത്തു **സമ്പുഷ്ടമായ നൈസർഗിക സസ്യജാലങ്ങളും ധാരാളം വന്യജീവി വർഗങ്ങളുമുണ്ട്** |

| എക്കൽ സമതലങ്ങൾ |
|---|
| ■ **തറായ് മേഖലക്ക് തെക്ക് ഭാഗത്ത് എക്കൽനിക്ഷേപങ്ങളാൽ** രൂപപ്പെട്ട സമതലങ്ങളാണ് ഇത് |
| ■ **പഴയ എക്കൽ നിക്ഷേപങ്ങളെ ബംഗർ** എന്നും **പുതിയ എക്കൽ നിക്ഷേപങ്ങളെ ഖാദർ** എന്നും വിളിക്കുന്നു |

- ➔ ഗംഗ , **ബ്രഹ്മപുത്ര നദികളുടെ അഴിമുഖത്ത്** രൂപപ്പെട്ടിട്ടുള്ള **ലോകത്തെ ഏറ്റവും വലിയ ഡെൽറ്റയാണ് സുന്ദർബെൻ ഡെൽറ്റ**
- ➔ ബ്രഹ്മപുത്ര നദി **ദുബ്രിയിൽ** (അരുണാചൽ പ്രദേശ് )വെച്ച് ഏകദേശം 90° തെക്കോട്ട് തിരിഞ്ഞ് വടക്ക്- കിഴക്ക് നിന്നും തെക്ക് - പടിഞ്ഞാറ് ദിശയിൽ ഒഴുകുന്നു

AKJ HSST Jr GEOGRAPHY SVHSS PALEMAD

## 3 . ഉപദ്വീപീയ പീഠഭൂമി

- ✔ നദീ സമതലങ്ങളിൽ നിന്നും 150 മീറ്റർമുതൽ 600 - 900 മീറ്റർ വരെ ഉയരത്തിൽ **ക്രമരഹിതമായ ത്രികോണാകൃതിയിൽ സ്ഥിതി ചെയ്യുന്ന ഭൂവിഭാഗമാണിത് ഉപദ്വീപീയ പീഠഭൂമി**

Downloaded from www.Hsslive.in ®

- ✔ ഇന്ത്യയിലെ **ഏറ്റവും പഴക്കമേറിയതും സ്ഥായിയായതുമായ ഭൂവിഭാഗമാണിത്**
- ✔ പ്രധാനമായും **ലാവ തണുത്തുറഞ്ഞ് രൂപപ്പെട്ട ഭൂവിഭാഗം**
- ✔ പീഠഭൂമിയുടെ **പൊതുവായ ചെരിവ് പടിഞ്ഞാറ് നിന്നും കിഴക്കോട്ടാണ്**
- ✔ പ്രധാന **മണ്ണിനം - കറുത്ത മണ്ണ്**
- ✔ കാണപ്പെടുന്ന **പ്രധാന ഭൂരൂപങ്ങൾ** :- ടോറുകൾ( tors), ഖണ്ഡ പർവ്വതങ്ങൾ( block mountains), ഭ്രംശ താഴ്‌വരകൾ( rift valleys), ചെങ്കുത്ത് പ്രദേശങ്ങൾ(spur), നിരയായ മൊട്ടക്കുന്നുകൾ, ക്വാർട്ട്സൈറ്റ് ഡൈക്കുകൾ
- ✔ **ഉപദ്വീപീയ പീഠഭൂമിയുടെ അതിർത്തികൾ**

  വടക്ക് - പടിഞ്ഞാറ് :- ഡൽഹി മലനിരകൾ

  കിഴക്ക് :- രാജ്മഹാൽ കുന്നുകൾ

  തെക്ക് :- ഏലമലകൾ

  പടിഞ്ഞാറ് :- ഗിർ മലനിര




➔ **ഭൂപ്രകൃതി വൈവിധ്യങ്ങളെ അടിസ്ഥാനമാക്കി ഉപദ്വീപീയ പീഠഭൂമിയെ മൂന്ന് ഭാഗങ്ങളായി തരം തിരിക്കാം**

**(1) ഡെക്കാൺ പീഠഭൂമി**

**(2) മധ്യ ഉന്നത തടം**

**(3) വടക്ക് - കിഴക്കൻ പീഠഭൂമി**

## (1)ഡെക്കാൺ പീഠഭൂമി

- ➢ പടിഞ്ഞാറ് പശ്ചിമ ഘട്ടവും; കിഴക്ക് പൂർവ ഘട്ടവും; വടക്ക് സത്പുര - മൈക്കൽ നിരകളും, മഹാദേവോ കുന്നുകളും ഡെക്കാൺ പീഠഭൂമിയുടെ അതിർത്തികളാണ്
- ➢ **ആനമല കുന്നുകളിൽ** ആണ് **ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി** (2695 മീ.) സ്ഥിതി ചെയ്യുന്നത്
- ➢ **നീലഗിരി കുന്നുകളിൽ** ആണ് **ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ രണ്ടാമത്തെ കൊടുമുടിയായ ദോഡാബെട്ട** സ്ഥിതി ചെയ്യുന്നത്(2637 മീ.)

| പശ്ചിമ ഘട്ടം | പൂർവ ഘട്ടം |
|---|---|
| ● ശരാശരി ഉയരം - 1500 മീ.<br>● താരതമ്യേന **ഉയരക്കൂടുതലും തുടർച്ചയുള്ളതുമായ** മലനിരകൾ<br>● മിക്ക ഉപദ്വീപീയൻ നദികളും പശ്ചിമ ഘട്ടത്തിൽ നിന്നും ഉത്ഭവിക്കുന്നു<br>● **വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത പേരുകളിൽ** അറിയപ്പെടുന്നു<br>== **മഹാരാഷ്ട്രയിൽ** - സഹ്യാദ്രി<br>== **കർണാടകത്തിലും തമിഴ് നാട്ടിലും** - നീലഗിരി കുന്നുകൾ<br>== **കേരളത്തിൽ** - ആനമല കുന്നുകൾ എന്നും ഏലമല കുന്നുകൾ എന്നും അറിയപ്പെടുന്നു | ● തുടർച്ച നഷ്ടപ്പെട്ട ഉയരം കുറഞ്ഞ കുന്നുകളാണ് പൂർവ ഘട്ടത്തിൽ ഉൾപ്പെടുന്നത്<br>● മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി തുടങ്ങിയ നദികളാൽ വലിയതോതിൽ അപരദനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു<br>● **പൂർവ്വഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് ജിൻഡാഗഢ** (1690 മീ.)<br>● ജാവഡി കുന്നുകൾ, പൽകൊണ്ടാ നിര, നല്ലമല കുന്നുകൾ, മഹേന്ദ്രഗിരി കുന്നുകൾ തുടങ്ങിയ മലനിരകൾ പൂർവഘട്ടത്തിൽ ഉൾപ്പെടുന്നു |



**പശ്ചിമ ഘട്ടവും പൂർവ ഘട്ടവും നീലഗിരി കുന്നുകളിൽ സംഗമിക്കുന്നു**

 Downloaded from www.Hsslive.in ®

**(2) മധ്യ ഉന്നത തടം**

- ഡെക്കാൺ പീഠഭൂമിയുടെ വടക്കൻ അതിർത്തിയാണിത്
- അവശിഷ്ട പർവ്വതങ്ങൾക്ക് ഉത്തമ ഉദാഹരണം
- പടിഞ്ഞാറ് ആരവല്ലി പർവതവും തെക്ക് സത്പുര പർവതവും ആണ് മധ്യ ഉന്നതതടത്തിന്റെ അതിർത്തി
- ശരാശരി ഉയരം 700 മുതൽ 1000 മീ.
- യമുന നദിയുടെ പോഷക നദികളിൽ കൂടുതലും വിന്ധ്യ - കൈമൂർ പർവത നിരകളിൽ നിന്നും ഉത്ഭവിക്കുന്നു

**(3) വടക്ക് - കിഴക്കൻ പീഠഭൂമി**

- ഇത് പ്രധാന ഉപദ്വീപീയ പീഠഭൂമിയുടെ തുടർച്ചയാണ്
- **മേഘാലയ പീഠഭൂമിയും കർബി ആങ്‌ലോങ് പീഠഭൂമിയും** ആണ് വടക്ക് കിഴക്കൻ പീഠഭൂമി ഭാഗങ്ങളിൽ ഉൾപ്പെടുന്നത്
- മേഘാലയ പീഠഭൂമിയെ **മൂന്ന് വിഭാഗങ്ങളായി തരം തിരിക്കാം. ഇവ പ്രാദേശിക ഗോത്ര വിഭാഗങ്ങളുടെ പേരിലാണ്** അറിയപ്പെടുന്നത്

  a) ഗാരോ കുന്നുകൾ

  b) ഖാസി കുന്നുകൾ

  c) ജയന്തിയ കുന്നുകൾ
- തെക്ക് പടിഞ്ഞാറൻ മൺസൂണിൽ നിന്നും മേഘാലയ പീഠഭൂമിയിൽ ഉയർന്ന അളവിൽ മഴ ലഭിക്കുന്നു.
- ലോകത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളായ ചിറാപുഞ്ചി, മൗസിൻറാം എന്നിവ ഈ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്

**4 . ഇന്ത്യൻ മരുഭൂമി**

- **ആരവല്ലി കുന്നുകളുടെ വടക്ക് പടിഞ്ഞാറായാണ്** ഇന്ത്യൻ മരുഭൂമി സ്ഥിതി ചെയ്യുന്നത്
- **താർ മരുഭൂമി** എന്നും വിളിക്കുന്നു
- **നീളമേറിയ മണൽക്കുനകളും ബർക്കനുകളും** (ചന്ദ്രക്കലയുടെ ആകൃതിയിലുള്ള മണൽക്കുന) **അടങ്ങിയ നിമ്നോന്നത ഭൂപ്രദേശം**
- **വാർഷിക വർഷപാതം 150 മില്ലീമീറ്ററിൽ താഴെ**
- **വരണ്ട കാലാവസ്ഥയും സസ്യജാലങ്ങൾ വിരളവുമായതിനാൽ** ഈ പ്രദേശം **മരുസ്ഥലി** എന്ന് അറിയപ്പെടുന്നു
- **പ്രദേശത്തിന്റെ കിടപ്പിന്റെ** അടിസ്ഥാനത്തിൽ **മരുഭൂമിയെ രണ്ടായി തരം തിരിക്കാം**

  **a) സിന്ധ് പ്രദേശത്തേക്ക് ചെരിവുള്ള വടക്കൻ ഭാഗവും**

  **b) റാൻ ഓഫ് കച്ച് ഭാഗത്തേക്ക് ചെരിവുള്ള തെക്കൻ ഭാഗവും**
- മിക്ക നദികളും മഴക്കാലത്തു മാത്രം കാണപ്പെടുന്നവ
- **പ്രധാന നദി :- ലൂണി (ഇന്ത്യൻ മരുഭൂമിയിൽ കൂടി ഒഴുകുന്ന ഒരേ ഒരു നദി)**
- **പ്രധാന ഉപ്പ് തടാകം - സാംഭാർ**




**5 . തീരസമതലങ്ങൾ**

സ്ഥാനത്തിന്റെയും സജീവമായ ഭൂരൂപീകരണ പ്രക്രിയകളുടെയും അടിസ്ഥാനത്തിൽ തീരസമതലങ്ങളെ രണ്ടായി തരം തിരിക്കാം :-

**(1) പശ്ചിമ തീരസമതലങ്ങൾ**

**(2) പൂർവ്വ തീരസമതലങ്ങൾ**



MGS HSSLIVE.IN ®

Downloaded from www.Hsslive.in ®




## പശ്ചിമ - പൂർവ്വ തീരസമതലങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ

| പശ്ചിമ തീരസമതലങ്ങൾ | പൂർവ്വ തീരസമതലങ്ങൾ |
| --- | --- |
| ● **വടക്ക് ഗുജറാത്ത് തീരം മുതൽ തെക്ക് കേരളതീരം വരെ** വ്യാപിച്ച് കിടക്കുന്നു<br>● പശ്ചിമ തീരത്തിന്റെ **മധ്യ ഭാഗം** താരതമ്യേന **ഇടുങ്ങിയതും തെക്കും വടക്കും ഭാഗങ്ങൾ വിസ്തൃതി ഏറി നിൽക്കുകയും** ചെയ്യുന്നു<br>● **താഴ്ന്നു പോയ തീരസമതലത്തിന്** ഉദാഹരണം<br>● **പ്രകൃതിദത്ത തുറമുഖങ്ങളും ഹാർബറുകളും വികസിപ്പിക്കുന്നതിന്** അനുയോജ്യം<br>● **പ്രധാന തുറമുഖങ്ങൾ** - കാണ്ട് ല, മാസഗോൺ, JLN തുറമുഖം നവഷേവ, മർമഗോവ, മാംഗ്ലൂർ, കൊച്ചിൻ<br>● പശ്ചിമ തീരം താഴെ പറയുന്ന ഉപവിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു<br>➢ **കച്ച് - കത്തിയവാർ തീരം (ഗുജറാത്ത്)**<br>➢ **കൊങ്കൺ തീരം (മഹാരാഷ്ട്ര)**<br>➢ **ഗോവൻ തീരം**<br>➢ **മലബാർ തീരം (കർണാടക, കേരളം)**<br>● പശ്ചിമ തീരത്ത് നദികൾ **ഡെൽറ്റകൾ സൃഷ്ടിക്കുന്നില്ല**<br>● **നെഹ്റു ട്രോഫി വള്ളംകളി പുന്നമട കായലിൽ** വെച്ച് നടത്തപ്പെടുന്നു | ● **തെക്ക് കന്യാകുമാരി** (തമിഴ് നാട്) **മുതൽ വടക്ക് സുന്ദർബൻ ഡെൽറ്റ**(പശ്ചിമ ബംഗാൾ) **വരെ** നീണ്ടുകിടക്കുന്നു<br>● കിഴക്കൻ തീരസമതലം **വീതി കൂടിയവയാണ്**<br>● **ഉയർത്തപ്പെട്ട തീരത്തിന്** ഉദാഹരണം<br>● കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന **നദികൾ പൂർവതീരത്ത് ഡെൽറ്റകൾ സൃഷ്ടിക്കുന്നു** (മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി)<br>● ഉയർത്തപ്പെട്ട തീരമായതിനാൽ ഇവിടെ **ഹാർബറുകളും തുറമുഖങ്ങളും കുറവാണ്**<br>● **പ്രധാന തുറമുഖങ്ങൾ** :- കൊൽക്കത്ത, ഹാൽദിയ, പാരദ്വീപ്, വിശാഖപട്ടണം, എന്നോർ, ചെന്നൈ, തൂത്തുക്കുടി<br>● പൂർവ്വ തീരം താഴെ പറയുന്ന ഉപവിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു<br>➢ **കോറമാണ്ടൽ തീരം (തമിഴ് നാട്, ആന്ധ്രാ)**<br>➢ **നോർത്തേൺ സിർകാർസ് (ഒറീസ)**<br>➢ **ഉത്കൽ തീരം (ഒറീസയുടെ വടക്ക് ഭാഗം)** |

## 6 . ദ്വീപുകൾ

➔ ഇന്ത്യയിൽ രണ്ട് പ്രധാന ദ്വീപസമൂഹങ്ങളാണുള്ളത്

(1) **ബംഗാൾ ഉൾക്കടലിൽ** സ്ഥിതി ചെയ്യുന്ന **ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ**

(2) **അറബികടലിൽ** സ്ഥിതി ചെയ്യുന്ന **ലക്ഷദ്വീപ് - മിനിക്കോയി ദ്വീപുകൾ**



 Downloaded from www.Hsslive.in ®

## (1) ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ

- ➔ **ബംഗാൾ ഉൾക്കടലിൽ** സ്ഥിതി ചെയ്യുന്നു
- ➔ ഇതിൽ ഏകദേശം **572 ദ്വീപുകൾ** ഉൾപ്പെടുന്നു
- ➔ അക്ഷാംശീയ - രേഖാംശീയ വ്യാപ്തി :- 6° N - 14° N ; 92° E - 94° E
- ➔ **തലസ്ഥാനം** - പോർട്ട് ബ്ളയർ
- ➔ മൊത്തം ദ്വീപ സമൂഹത്തെ **ആൻഡമാൻ (വടക്ക്)** എന്നും **നിക്കോബാർ(തെക്ക്)** എന്നും **രണ്ട് ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു
- ➔ **ആൻഡമാനെയും നിക്കോബാറിനെയും വേർതിരിക്കുന്ന കടൽ <u>10 ഡിഗ്രി ചാനൽ</u>** എന്നറിയപ്പെടുന്നു
- ➔ ചില ദ്വീപുകൾ **അഗ്നിപർവതജന്യമാണ്**
- ➔ **ഇന്ത്യയിലെ ഏക സജീവ അഗ്നിപർവ്വതമായ <u>ബാരൻ ദ്വീപ്</u> നിക്കോബാർ ദ്വീപുകളിൽ** സ്ഥിതി ചെയ്യുന്നു
- ➔ പ്രധാന കൊടുമുടി - **സാഡിൽ കൊടുമുടി**

## (2)ലക്ഷദ്വീപ് - മിനിക്കോയി ദ്വീപുകൾ

- ➢ അറബിക്കടലിൽ സ്ഥിതി ചെയ്യുന്നു
- ➢ അക്ഷാംശീയ - രേഖാംശീയ വ്യാപ്തി :- 8° N - 12° N ; 71° E - 74° E
- ➢ മുഴവൻ ദ്വീപസമൂഹവും **പവിഴപ്പുറ്റുകളാൽ നിർമ്മിതം**
- ➢ അകെ **36 ദ്വീപുകൾ**
- ➢ **തലസ്ഥാനം** - കവരത്തി
- ➢ **മിനിക്കോയ് ആണ് ഏറ്റവും വലിയ ദ്വീപ്**
- ➢ **ആകെയുള്ള ദ്വീപുകളെ <u>11 ഡിഗ്രി ചാനൽ</u> വേർതിരിക്കുന്നു**
- ➢ **11 ഡിഗ്രി ചാനലിന് വടക്ക് ഉള്ളവയെ <u>അമിനി ദ്വീപുകൾ</u>** എന്നും **തെക്കുള്ളവയെ <u>കാനന്നൂർ ദ്വീപുകൾ</u>** എന്നും പറയുന്നു

MGS HSSLIVE.IN ®

**AKJ HSST Jr GEOGRAPHY SVHSS PALEMAD**

X ---------------------------------------------------------------- X

## <u>പ്രധാനപ്പെട്ട ഭൂപടങ്ങൾ</u>




ചിത്രം 2.5 : പടിഞ്ഞാറൻ ഹിമാലയം

Downloaded from www.Hsslive.in ®



ചിത്രം 2.7 : കിഴക്കൻ ഹിമാലയം



Downloaded from www.Hsslive.in ®






x ------------------------------------------------------------------------ x